www.societytodaynews.com

2024 NOVEMBER
19
TUESDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ചെന്നൈ മെട്രോയ്ക്കായി 70 ഡ്രൈവറില്ലാ തീവണ്ടികൾകൂടി; 3600 കോടി രൂപയുടെ ടെൻഡർ



**ചെന്നൈ:** ചെന്നൈ മെട്രോ റെയിൽവേയ്ക്കായി 70 ഡ്രൈവറില്ലാ തീവണ്ടികൂടി നിർമിക്കും. ഇതിനുള്ള കരാർ മെട്രോ റെയിൽവേ അധികൃതർ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന് (ബെമൽ) നൽകി. മൂന്നു കോച്ചുകൾ വീതമുള്ള തീവണ്ടികളാണ് നിർമിക്കുക. ബെമലിന്റെ ബെംഗളൂരുവിലുള്ള വർക്ക്ഷോപ്പിലാണ് നിർമിക്കുക. 3,600 കോടി രൂപയ്ക്കാണ് ടെൻഡർ നൽകിയിരിക്കുന്നത്.

ഡ്രൈവറില്ലെങ്കിലും തീവണ്ടിയിൽ യാത്രക്കാരുടെ പരാതികൾ പരിഹരിക്കാൻ ജീവനക്കാരെ നിയമിക്കും. തീവണ്ടിയിൽ ഒരു ട്രിപ്പിൽ 1000 പേരെ ഉൾക്കൊള്ളാം.

മൂന്ന് കോച്ചുകൾ വീതമുള്ള 36 തീവണ്ടികൾ നിർമിക്കാനുള്ള ആദ്യകരാർ ആന്ധ്രാപ്രദേശിലെ ശ്രീസിറ്റിയിലെ അൽസ്റ്റോം കമ്പനിയ്ക്ക് നൽകിയിരുന്നു. അൽസ്റ്റോം നിർമിച്ച ആദ്യ ഡ്രൈവറില്ലാ തീവണ്ടി കഴിഞ്ഞമാസം ചെന്നൈ മെട്രോ റെയിൽവേയ്ക്ക് കൈമാറി. വണ്ടി പൂനമല്ലിയിലെ മെട്രോ റെയിൽവേയുടെ യാർഡിൽ പരീക്ഷണഓട്ടം നടത്തുന്നുണ്ട്. മെട്രോ റെയിൽവേയുടെ രണ്ടാംഘട്ട പദ്ധതിയിൽ മൂന്നു പാതകളുടെ നിർമാണം നടന്നുവരികയാണ്. ലൈറ്റ് ഹൗസിൽനിന്ന് പൂനമല്ലി ബൈപ്പാസ് വരെയും (26.1 കിലോമീറ്റർ) മാധാവരം മിൽക്ക് കോളനിയിൽനിന്ന് സെറുശ്ശേരി സിപ്പ്കോട്ട് (45.8 കിലോമീറ്റർ) വരെയും മാധാവരം മുതൽ ഷോളിങ്കനല്ലൂർ വരേയും (47 കിലോമീറ്റർ) ആണ് നിർമാണം.

മാധാവരം മിൽക്ക് കോളനിസെറുശ്ശേരി സിപ്ക്കോട്ട് റൂട്ടിൽ എഴുപതും ലൈറ്റ് ഹൗസ് മുതൽ പൂനമല്ലി ബൈപ്പാസ് വരെയുള്ള റൂട്ടിൽ ഇരുപത്തി ആറും മാധാവരം മുതൽ ഷോളിങ്കനല്ലൂർ വരെയുള്ള റൂട്ടിൽ നാല്പത്തിരണ്ടും ഡ്രൈവറില്ലാ മെട്രോ തീവണ്ടികളാണ് സർവീസ് നടത്തുക.




# കെഎസ്ഇബി എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കുന്നു

**തിരുവനന്തപുരം:** പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതുൾപ്പെടെ എല്ലാ സേവനങ്ങളും ഓൺലൈനാക്കാൻ കെഎസ്ഇബി. ഓൺലൈൻ സേവനങ്ങൾ ഡിസംബർ ഒന്നിനു പ്രാബല്യത്തിൽ വരും. ഇതോടൊപ്പം പുതിയതായി ഉപഭോക്തൃ സേവന വിഭാഗം രൂപീകരിക്കാനും തീരുമാനിച്ചു.

ഓൺലൈൻ സേവനം എത്തുന്നതോടെ ഏതെങ്കിലും ഓഫീസിൽ നേരിട്ട് അപേക്ഷ സ്വീകരിച്ചാൽ കർശന നടപടിയെന്നാണ് ചെയർമാൻ ബിജു പ്രഭാകറിൻറെ മുന്നറിയിപ്പ്. ആദ്യം ലഭിക്കുന്ന അപേക്ഷ ആദ്യം പരിഗണിക്കണം. വിതരണ വിഭാഗം ഡയറക്റ്റർ ഇത് കൃത്യമായി നിരീക്ഷിച്ച് ഉറപ്പാക്കണം. ഇംഗ്ലീഷിലുള്ള കെഎസ്ഇബിയുടെ വെബ്സൈറ്റിൽ മലയാളവും പറ്റുമെങ്കിൽ തമിഴും കന്നഡ ഭാഷയും ഉൾപ്പെടുത്തണം. അപേക്ഷകൾ സ്വീകരിച്ചാൽ രണ്ട് പ്രവൃത്തി ദിവസത്തിനുള്ളിൽ തുകയെത്രയെന്ന് അറിയിക്കണം.

തുടർ നടപടികൾ വാട്ട്സ്ആപ്പിലും എസ്എംഎസ്സായും ഉപഭോക്താവിന് ലഭിക്കുന്നതാണ്. ജനങ്ങളുടെ സേവനത്തിനും പരാതിപരിഹാരത്തിനുമായി വിതരണ വിഭാഗം ഡയറക്റ്ററുടെ കീഴിൽ കസ്റ്റമർ കെയർ സെൽ തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്.

പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും ഓരോ കസ്റ്റമർ കെയർ സെൽ വീതം തുടങ്ങും. ഐടി വിഭാഗത്തിൻറെ കീഴിലായിരുന്ന കെഎസ്ഇബിയുടെ 1912 കാൾ സെൻറർ ഇനി കസ്റ്റമർ കെയർ സെല്ലിൻറെ ഭാഗമാവും.

നിലവിൽ കെഎസ്ഇബിയുടെ വൈദ്യുതി ചാർജ് അടക്കാനുള്ള സംവിധാനത്തിന് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. ഇതുകൂടി കണക്കിലെടുത്താണ് എല്ലാ സേവനങ്ങളും ഓൺലൈനിലേക്ക് മാറ്റുന്നത്.

# റഷ്യയ്ക്ക് ബാലിസ്റ്റിക് മിസൈലും മറ്റ് ആയുധങ്ങളും: ഇറാനെതിരെ പുതിയ ഉപരോധം ഏർപ്പെടുത്തി ബ്രിട്ടൻ

**ലണ്ടൻ:** ഇറാനെതിരെ പുതിയ ഉപരോധങ്ങൾ ഏർപ്പെടുത്തി ബ്രിട്ടൻ. യുക്രെയ്നെതിരെയുള്ള യുദ്ധത്തിൽ ഉപയോഗിക്കാൻ റഷ്യയ്ക്ക് ബാലിസ്റ്റിക് മിസൈലുകളും മറ്റ് ആയുധങ്ങളും നൽകിയതിനാണ് ഇറാനെതിരെ യുകെയുടെ നടപടി. ജർമനി, ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ സെപ്റ്റംബറിൽ ഇറാനെതിരെ ഏർപ്പെടുത്തിയ ഉപരോധത്തിന്റെ തുടർച്ചയാണ് പുതിയ ഉപരോധം.

ഇറാന്റെ ദേശീയ വിമാനക്കമ്പനിയുടെയും സർക്കാർ ഉടമസ്ഥതയിലുള്ള ഷിപ്പിങ് കമ്പനിയുടെയും ആസ്തികൾ മരവിപ്പിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇറാനിൽ നിന്ന് മിസൈലുകൾ എത്തിച്ച പോർട്ട് ഒല്യ 3 എന്ന റഷ്യൻ ചരക്കു കപ്പലിനെതിരെയും ഉപരോധം ഏർപ്പെടുത്തും. യുക്രെയ്ൻ റഷ്യ യുദ്ധം ആരംഭിച്ചതിന്റെ 1000 ദിവസം പിന്നിടുന്ന വേളയിലാണ് ബ്രിട്ടന്റെ പ്രഖ്യാപനം. 'ആഗോള സുരക്ഷയെ ദുർബലപ്പെടുത്താനുള്ള ഇറാന്റെ ശ്രമങ്ങൾ അപകടകരവും അസ്വീകാര്യവുമാണ്. ഇറാനിൽ നിന്ന് റഷ്യയിലേക്ക് ബാലിസ്റ്റിക് മിസൈലുകൾ കൈമാറിയാൽ ശക്തമായ നടപടി സ്വീകരിക്കാൻ മറ്റു രാജ്യന്തര സഖ്യകക്ഷികൾക്കൊപ്പം ബ്രിട്ടനും നിലപാട് സ്വീകരിച്ചിരുന്നു' ഉപരോധം സംബന്ധിച്ച് യുഎൻ രക്ഷാസമിതിയിൽ പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി ബ്രിട്ടൻ വിദേശകാര്യമന്ത്രി ഡേവിഡ് ലാമി പ്രസ്താവനയിൽ പറഞ്ഞു.യുഎസ് നൽകിയ ആയുധങ്ങൾ ഉപയോഗിച്ച് റഷ്യയിൽ ദീർഘദൂര ആക്രമണങ്ങൾ നടത്തുന്നതിൽ യുക്രെയ്നിനു മേൽ ഏർപ്പെടുത്തിയിരുന്ന വിലക്ക് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ നീക്കിയതിനു പിന്നാലെയാണ് കൂടുതൽ പ്രതിരോധത്തിലാക്കുന്ന ബ്രിട്ടന്റെ നടപടി.






ഔറംഗബാദിൽ നടന്ന നാഷണൽ ഐ.എം.എ ഡോക്ടേഴ്സ് സ്പോർടസ് മീറ്റിൽ നൂറു മീറ്റർ, 200 മീറ്റർ ഓട്ടത്തിൽ വെള്ളിമെഡലുകൾ നേടിയ ഇടുക്കി മെഡിക്കൽ കോളജിലെ കമ്മ്യുണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആൽവിൻ ആന്റണി ട്രോഫി സ്വീകരിക്കുന്നു

# നാഷണൽ ഐ.എം.എ ഡോക്ടേഴ്സ് അത്‌ലറ്റിക്സ്: വെള്ളിത്തിളക്കത്തിൽ ഡോ.ആൽവിൻ ആന്റണി

**കൊച്ചി:** നാഷണൽ ഐ.എം.എയുടെ നേതൃത്വത്തിൽ ഔറംഗബാദിൽ നടന്ന നാഷണൽ ഐ.എം.എ ഡോക്ടേഴ്സ് സ്പോർടസ് മീറ്റിൽ രണ്ടു വെള്ളിമെഡലുകൾ സ്വന്തമാക്കി കേരളത്തിനു വേണ്ടി മൽസരിച്ച ഐ.എം.എ കൊച്ചിയുടെ ഡോ.ആൽവിൻ ആന്റണി. 36 നും 45 നും ഇടയിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ നടന്ന നൂറു മീറ്റർ, 200 മീറ്റർ ഓട്ടത്തിലാണ് ഇടുക്കി മെഡിക്കൽ കോളജിലെ കമ്മ്യുണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.ആൽവിൻ ആന്റണി വെള്ളിമെഡലുകൾ നേടി മിന്നും താരമായി മാറിയത്. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഐ.എം.എകളെ പ്രതിനിധീകരിച്ച് 500 ലധികം ഡോക്ടർമാരാണ് ഐ.എം.എ ഡോക്ടേഴ്സ് സ്പോർടസ് ഒളിംമ്പ്യാർഡിൽ പങ്കെടുത്തത്. കഴിഞ്ഞ വർഷം ആന്ധ്ര പ്രദേശിലെ വിജയവാഡയിൽ നടന്ന ഒളിംമ്പ്യാർഡിലും ഡോ. ആൽവിൻ ആന്റണി ഇതേ ഇനങ്ങളിൽ ജേതാവായിരുന്നു. ഡോ.അശ്വതി വർഗ്ഗീസ് ആണ് ഡോ.ആൽവിൻ ആന്റണിയുടെ ഭാര്യ. ആഷ്‌ലിൻ, അബ്രാം എന്നിവരാണ് മക്കൾ.

# സുധീന്ദ്ര ആശുപത്രിയിൽ സ്പെഷ്യൽ കെയർ ഐ.സി.യു;കേന്ദ്രമന്ത്രി സുരേഷ് ഗോപി ഇന്ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** എറണാകുളം കച്ചേരിപ്പടി ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിലെ സ്പെഷ്യൽ കെയർ ഐസിയുവും നവീകരിച്ച ലേബർ സ്യൂട്ടും കേന്ദ്ര പെട്രോളിയം, ടൂറിസം സഹ മന്ത്രി സുരേഷ് ഗോപി ഇന്ന് (19.11.24) ഉദ്ഘാടനം ചെയ്യും. വൈകുന്നേരം 4.30 ന് നടക്കുന്ന സമ്മേളനത്തിൽ ആശുപത്രി പ്രസിഡന്റ് ആർ രത്നാകര ഷേണായ് അധ്യക്ഷത വഹിക്കും. ബി.പി.സി.എൽ എക്സിക്യൂട്ടീവ് ഡയറക്ടർ എം. ശങ്കർ മുഖ്യപ്രഭാഷണം നടത്തും. ആശുപത്രി ജനറൽ സെക്രട്ടറി വി. മനോഹര പ്രഭു, മെഡിക്കൽ ഡയറക്ടർ ഡോ. എം.ഐ ജുനൈദ് റഹ്മാൻ തുടങ്ങിയവർ സംസാരിക്കും. ബി.പി.സി.എലിന്റെ സി.എസ്.ആർ ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.



# സംസ്ഥാന സ്കൂൾ ശാസ്ത്രോൽസവം: മലപ്പുറം ചാംപ്യന്മാർ

**ആലപ്പുഴ:** സംസ്ഥാന സ്കൂൾ ശാസ്ത്രോൽസവത്തിൽ 1450 പോയിന്റോടെ മലപ്പുറം ജില്ല ചാമ്പ്യന്മാരായി. 1412 പോയിന്റുമായി കണ്ണൂർ ജില്ല രണ്ടാം സ്ഥാനവും 1353 പോയിന്റുമായി കോഴിക്കോട് മൂന്നാം സ്ഥാനവും സ്വന്തമാക്കി.

സ്കൂൾ തലത്തിൽ കാർഡർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ദുർഗ്ഗ എച്ച് എസ് എസ് 140 പോയിന്റുമായി ഓവറോൾ ചാമ്പ്യൻമാരായി. വയനാട് ദ്വാരക സേക്രഡ് ഹാർട്ട് എച്ച് എസ് എസ് 131 പോയിന്റുമായി രണ്ടാം സ്ഥാനവും 126 പോയിന്റുമായി ഇടുക്കി കൂമ്പൻപാറ എഫ് എം ജി എച്ച് എസ് എസ് മൂന്നാം സ്ഥാനവും സ്വന്തമാക്കി. വൊക്കേഷണൽ എക്സ്പോയിൽ മേഖലാതലത്തിൽ നടന്ന മൽസരത്തിൽ 67 പോയിന്റോടെ തൃശൂർ മേഖല ഓവറോൾ ചാമ്പ്യന്മാരായി. 66 പോയിന്റ് നേടി കൊല്ലം രണ്ടാം സ്ഥാനവും 60 പോയിന്റ് നേടി എറണാകുളം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ആലപ്പുഴ സെന്റ് ജോസഫ്സ് ഗേൾസ് എച്ച് എസ് എസിൽ നടന്ന സമാപന സമ്മേളനം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷത വഹിച്ചു. ശാസ്ത്രോത്സവ അവലോകനവും വിജയികളെ പ്രഖ്യാപിക്കലും ശാസ്ത്രമേള ജനറൽ കൺവീനറും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുമായ സി എ സന്തോഷ് നിർവഹിച്ചു. ശാസ്ത്രോത്സവത്തിൽ ഓവറോൾ ചാമ്പ്യന്മാരാകുന്ന ജില്ലക്കായി ഇത്തവണ ആദ്യമായി ഏർപ്പെടുത്തിയ എജ്യുക്കേഷൻ മിനിസ്റ്റേഴ്സ് എവറോളിങ് ട്രോഫി മന്ത്രി സജി ചെറിയാൻ വിദ്യാഭ്യാസ വകുപ്പിനുവേണ്ടി അഡീഷണൽ ഡയറക്ടർ സി എ സന്തോഷിന് കൈമാറി. ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ആദ്യമൂന്നു സ്ഥാനക്കാർക്ക് മന്ത്രി സജി ചെറിയാൻ ട്രോഫികൾ സമ്മാനിച്ചു. എംഎൽഎമാരായ പി പി ചിത്തരഞ്ജൻ, എച്ച് സലാം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, ആലപ്പുഴ നഗരസഭ ചെയർപേഴ്സൺ കെ കെ ജയമ്മ, ജില്ലാ കലക്ടർ അലക്സ് വർഗീസ്, നഗരസഭ സ്ഥിരം സമിതി അധ്യക്ഷൻമാരായ എം ആർ പ്രേം, നസീർ പുന്നയ്ക്കൽ, എം എസ് കവിത, എം ജി സതീദേവി, വിദ്യാഭ്യാസ ഉപഡയറക്ടർ ഇ എസ് ശ്രീലത, ആർ സിന്ധു, വി കെ അശോക് കുമാർ, ഷാലി ജോൺ, കെ ജെ ബിന്ദു, എൽ പവിഴകുമാരി, എം കെ ശോഭന, സിസ്റ്റർ ഷൈനി തോമസ്, റ്റി ജെ മോൻസി, വി അനിത, ജനപ്രതിനിധികൾ, അധ്യാപകർ, വിവിധ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ജില്ലയിലെ വിവിധ സ്കൂളുകളിലെ 150 ഓളം വിദ്യാർഥികൾ ചേർന്ന് സ്വാഗതഗാനം ആലപിച്ചു. സോഷ്യൽ മീഡിയ ഇൻഫൽവൻസർ അഖിൽ ശ്രീകുമാറിന്റെ സാൻഡ് ആർട്ടും സമാപനസമ്മേളനത്തിൽ അരങ്ങേറി. ആലപ്പുഴ പൗരസമിതിക്ക് വേണ്ടി ചിത്രകാരൻ സാജൻ ലയം കളർപെൻസിൽ ഉപയോഗിച്ച് വരച്ച വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടിയുടെ ചിത്രം സ്നേഹസമ്മാനമായി ചടങ്ങിൽ കൈമാറി.

# ഏവിയേഷൻ മേഖലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സൗജന്യ പരിശീലനവും തൊഴിലും

## പരിശീലനം കേരള നോളെജ് ഇക്കോണമി മിഷന്റെ പ്രൈഡ് പദ്ധതിയുടെ ഭാഗമായി

തിരുവനന്തപുരം: ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഏവിയേഷൻ മേഖലയിൽ പരിശീലനവും തൊഴിലും നേടാൻ അവസരം. രണ്ട് മാസത്തെ പരിശീലനവും താമസവും സൗജന്യമാണ്. കേരള നോളെജ് ഇക്കോണമി മിഷനും സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പ്രൈഡ് തൊഴിൽ പദ്ധതിയുടെ ഭാഗമായാണ് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഏവിയേഷൻ മേഖലയിൽ പരിശീലനം നൽകുന്നത്. സർക്കാർ നൽകുന്ന ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡ്/സർട്ടിഫിക്കറ്റ് കൈവശമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കോഴ്സിന അപേക്ഷിക്കാം. അവസാന തീയതി നവംബർ 27. ബിരുദമാണ് കുറഞ്ഞ വിദ്യാഭാസ യോഗ്യത. ഉയർന്ന പ്രായപരിധി 27 വയസ്സ്. അപേക്ഷകർ നോളെജ് ഇക്കോണമി മിഷന്റെ ഉണങ്ങട പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളായിരിക്കണം. സർട്ടിഫിക്കറ്റ് ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, കാർഗോ ഓപ്പറേഷൻസ് എക്സിക്യൂട്ടീവ്, കസ്റ്റമർ സർവീസ് ഏജന്റ് തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. കോഴ്സ് ഫീ സൗജന്യമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പും ലഭിക്കുന്നതാണ്. അപേക്ഷിക്കുന്നവർക്ക് കോഴ്സുകളും തൊഴിൽ സാധ്യതകളും വിശദമാക്കുന്ന ഓൺലൈൻ ഓറിയന്റേഷൻ ക്ലാസ് നോളെജ് ഇക്കോണമി മിഷൻ നൽകുന്നതാണ്. കോഴ്സിനൊപ്പം ഇംഗ്ലീഷ് ഭാഷാ പരിശീലനം, അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനം എന്നിവയും സൗജന്യമായി ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8714611479 എന്ന വാട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.

# 84 കാരിക്ക് സങ്കീർണ ചികിത്സ; ഹൃദയരോഗ ചികിത്സയിൽ വീണ്ടും നേട്ടവുമായി എറണാകുളം ജനറൽ ആശുപത്രി




**കൊച്ചി:** ഹൃദയ രോഗ ചികിത്സയിൽ വീണ്ടും നേട്ടം കൈവരിച്ച് എറണാകുളം ജനറൽ ആശുപത്രി. ആശുപത്രിയിൽ ടി എ വി ആർ ചികിത്സ വിജയകരമായി പൂർത്തിയായി. ഹൃദയത്തിൽ നിന്ന് മഹാ രക്തധമനിയിലേക്കുള്ള അയോർട്ടിക് വാൽവ് അപകടകരമാംവിധം ചുരുങ്ങിപ്പോയതിനാൽ ഗുരുതരമായ ശ്വാസതടസ്സവുമായി ഐസിയുവിൽ പ്രവേശിപ്പിക്കപ്പെട്ട 84 കാരിയായ വയോധികയാണ് ട്രാൻസ് കത്തീറ്റർ വാൽവ് റീപ്ലെയ്സ്മെന്റ് നു വിധേയയായത്.

ഹൃദയത്തിൽനിന്ന് മഹാ രക്തധമനിയിലേക്കുള്ള അയോർട്ടിക് വാൽവാണ് ജനറൽ അനസ്തീസിയ കൂടാതെ നെഞ്ച് തുറക്കാതെ തുടയിൽ 5 എം എം മാത്രം വലുപ്പമുള്ള മുറിവിലൂടെ കത്തീറ്റർ കടത്തി മാറ്റിവച്ചത്. കാൽസ്യം വളരെ കൂടിയ അളവിൽ അടിഞ്ഞുകൂടിയ ബൈക്കസ്പിഡ് അയോർട്ടിക് വാൽവും മഹാ രക്തധമനിയും ചികിത്സയുടെ സങ്കീർണ്ണത വർദ്ധിപ്പിച്ചു. ഇത്രയും പ്രായമുള്ള ഒരു രോഗിയിൽ ടി എ വി ആർ ചികിത്സ ജനറൽ ആശുപത്രിയിൽ ഇതാദ്യമായാണ് നടത്തുന്നത്. കടുത്ത ശ്വാസതടസ്സം മൂലം കട്ടിലിൽനിന്ന് അനങ്ങാൻ പോലും പ്രയാസപ്പെട്ടിരുന്ന രോഗി ശസ്ത്രക്രിയ കഴിഞ്ഞു മൂന്നാം ദിവസം പരസഹായമില്ലാതെ നടക്കുകയും ചെയ്തു.

2022 ഇൽ രാജ്യത്താദ്യമായി ഒരു ജില്ലാ തല ജനറൽ ആശുപത്രിയിൽ നെഞ്ച്തുറക്കാതെ വാൽവ് മാറ്റ ശസ്ത്രക്രിയ നടത്തിക്കൊണ്ട് ജനറൽ ആശുപത്രിയിലെ ഹൃദ്രോഗ വിഭാഗവും ഹൃദ്രോഗശസ്ത്രക്രിയ വിഭാഗവും ചരിത്രം കുറിച്ചിരുന്നു.

വിശ്വാസപരമായ കാരണങ്ങളാൽ രക്തം സ്വീകരിക്കാനാകാത്ത ഒരു രോഗിയിൽ ടി എ വി ആർ ചികിത്സ എറണാകുളം ജനറൽ ആശുപത്രിയിൽ വിജയകരമായി നടത്തുകയും അതേത്തുടർന്ന് നൂതനമായ കണ്ടക്ഷൻ സിസ്റ്റം പേസിങ് പേസ്മേക്കർ ഘടിപ്പിക്കുകയും ചെയ്തിരുന്നു. ഇത് 2024 ജൂലൈ മാസം തുർക്കിയിൽ വച്ച് നടന്ന അന്താരാഷ്ട്ര പേസിങ് സീരീസ് കോൺഫറൻസിൽ അവതരിപ്പിച്ചു ശ്രദ്ധനേടിയിരുന്നു. ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് ഒരുങ്ങുന്ന എറണാകുളം ജനറൽ ആശുപത്രിക്ക് ടി എ വി ആർ ചികിത്സ ഊർജം കൂട്ടിയതായി ആശുപത്രി സൂപ്രണ്ട് ഡോ. ഷാഹിർഷാ അറിയിച്ചു.

കൂടാതെ ടി എ വി ആർ ചികിത്സ വിജയകരമായി പൂർത്തിയാക്കിയ കാർഡിയോളജി സി ടി വി എസ് ടീമംഗങ്ങളായ ഡോ ആഷിഷ് കുമാർ, ഡോ വിജോ ജോർജ്, ഡോ പോൾ തോമസ്, ഡോ പ്രസാദ് പി അനിൽ, ഡോ എം. കെ. ഗോപകുമാർ, ഡോ ജോർജ് വാളൂരാൻ, ഡോ രാഹുൽ സതീശൻ, ഡോ റോഷ്ന സ്റ്റാഫ് നഴ്സുമാരായ രാജി, സ്മിത, ഷെറിൻ എബ്രഹാം, പ്രവീൺ ജോസഫ്, സൗമ്യ സരുൺ, മനു ചാക്കോ ടെക്നീഷ്യന്മാരായ പ്രവീൺ, അബിഷ, ശ്രുതി, അമൽ എന്നിവരെ ആശുപത്രി സൂപ്രണ്ട് അഭിനന്ദിച്ചു.

# ഒട്ടേറെ സാധ്യതകളുമായി വിഴിഞ്ഞം കോൺക്ലേവ്: തുറമുഖേതര നിക്ഷേപങ്ങളിലേക്കും വഴിതുറക്കും



**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട നിക്ഷേപ സാധ്യതകൾ പരിശോധിക്കുന്നതിനായി ജനുവരിയിൽ നടക്കുന്ന ആദ്യത്തെ രാജ്യാന്തര കോൺക്ലേവിൽ തുറമുഖേതര വ്യവസായങ്ങളെ വിഴിഞ്ഞവുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾക്ക് വഴിതുറക്കും. അടിസ്ഥാനസൗകര്യ വികസനത്തിനൊപ്പം വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി, മാനുഫാക്ചറിങ് മേഖലകളിലെ നിക്ഷേപ സാധ്യതകൾ ഈ രംഗത്തെ വിദഗ്ധർ അവതരിപ്പിക്കും. കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ, കണ്ടെയ്നർ യാർഡ്, എക്യുപ്മെന്റ് റിപ്പയർ യൂണിറ്റുകൾ, വെയർഹൗസുകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ തുടങ്ങി ഷിപ്പിങുമായി ബന്ധപ്പെട്ട ഒട്ടേറെ സാധ്യതകൾ വിഴിഞ്ഞം മുന്നോട്ടുവയ്ക്കുന്നുണ്ട്. അതോടൊപ്പം പാരമ്പര്യേതര ഊർജം, ഫിഷറീസ്, അക്വാകൾച്ചർ തുടങ്ങിയവയിലെ നിക്ഷേപസാധ്യതകളും കോൺക്ലേവ് അനാവരണം ചെയ്യും. ജനുവരി 29നും 30നും തിരുവനന്തപുരം ഹയാത്ത് റീജൻസിയിലാണ് കോൺക്ലേവ് നടക്കുക.

ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെ സഹകരണത്തോടെ കെഎസ്ഐഡിസി, വിഴിഞ്ഞം ഇന്റർനാഷനൽ സീപോർട്ട് ലിമിറ്റഡ് എന്നിവ ചേർന്ന് സംഘടിപ്പിക്കുന്ന 'വിഴിഞ്ഞം കോൺക്ലേവ് 2025, ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ്' മുഖ്യമന്ത്രി പിണറായി വിജയനായിരിക്കും ഉദ്ഘാടനം ചെയ്യുക. വിഴിഞ്ഞം തുറമുഖം പൂർണമായും പ്രവർത്തനസജ്ജമാകുന്നതിനൊപ്പം തന്നെ അതോടനുബന്ധിച്ചുള്ള വ്യാവസായിക സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്തെ മറ്റ് തുറമുഖങ്ങളോടനുബന്ധിച്ച് വിജയകരമായ രീതിയിൽ നടത്തപ്പെടുന്ന വ്യവസായങ്ങളുടേയും കമ്പനികളുടേയും പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുക്കും.

മറ്റു തുറമുഖങ്ങളോടനുബന്ധിച്ചുള്ള കമ്പനികളെ ഇവിടെ നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുന്നതിനൊപ്പം കേരളത്തിനകത്തുള്ള കമ്പനികൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയുടെ നിക്ഷേപ സാധ്യതകളും വിശകലനം ചെയ്യും. നിക്ഷേപം നടത്താൻ താൽപര്യപ്പെടുന്നവർക്ക് മാർഗനിർദ്ദേശം നൽകുന്ന സെഷനുകൾക്ക് കോൺക്ലേവിൽ പ്രാധാന്യം നൽകും. ബിസിനസ് ലീഡർമാരുമായി പ്രതിനിധികൾക്ക് നേരിട്ട് സംവദിക്കാനുള്ള അവസരമായിരിക്കും പ്രധാനമായും ഒരുക്കുക. നിക്ഷേപക കേന്ദ്രീകൃതമായ നയങ്ങളും നേട്ടങ്ങളും കോൺക്ലേവിൽ അവതരിപ്പിക്കപ്പെടും.

സംസ്ഥാനത്ത് വലിയതോതിൽ നിക്ഷേപം കൊണ്ടുവരുന്നതിനൊപ്പം തുറമുഖം നേരിട്ട് ഒരുക്കുന്നതിന്റെ പതിന്മടങ്ങ് തൊഴിൽസാധ്യതകളാണ് അനുബന്ധവ്യവസായങ്ങളിലൂടെ ഉണ്ടാകുക. ഇതേപ്പറ്റി പ്രാദേശിക സമൂഹങ്ങളെ ബോധവൽക്കരിക്കുന്നതിനും എല്ലാവരേയും ഉൾക്കൊള്ളുന്ന മാതൃകയാക്കി വിഴിഞ്ഞത്തെ വളർത്തിയെടുക്കുന്നതിനുമുള്ള ശ്രമങ്ങൾക്ക് കോൺക്ലേവിൽ തുടക്കമാകും.

പദ്ധതി പ്രദേശത്തിനൊപ്പം വികസിപ്പിക്കുന്ന ഔട്ടർ ഏരിയ ഗ്രോത് കോറിഡോർ പദ്ധതിയുടെ വ്യാവസായിക സാധ്യതകളും കോൺക്ലേവിന്റെ അജണ്ടയിലുണ്ട്. ആഗോള വിതരണ ശൃംഖലയിൽ കേരളത്തിന്റെ പങ്കാളിത്തം ശക്തിപ്പെടുത്താനും ഇന്ത്യയുടെ സമുദ്രസമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കാനും കോൺക്ലേവ് ലക്ഷ്യമിടുന്നുണ്ട്. രജിസ്റ്റർ ചെയ്യുന്ന 300 പ്രതിനിധികൾക്കാണ് കോൺക്ലേവിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഐ സി ഡി എസ് പ്രോജക്ട് ഓഫീസ് പരിധിയിലെ അങ്കണവാടികൾ ശിശു സൗഹൃദമാക്കൽ പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ വാങ്ങി നൽകുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു.ഫോൺ: 7306988476, 9188959726.

## ലഹരി മരുന്ന് വ്യാപനം: ജില്ലയിലെ സ്കൂളുകളിൽ സമഗ്ര ബോധവത്കരണ യജ്ഞം

**കൊച്ചി:** ലഹരി മരുന്ന് ഉപയോഗം വ4ധിക്കുന്ന സാഹചര്യത്തിൽ സ്കൂൾ കുട്ടികൾക്ക് പ്രത്യേക ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ സർക്കാർ, സിബിഎസ്ഇ സ്കൂളുകളിൽ സമഗ്ര ബോധവത്കരണ യജ്ഞം സംഘടിപ്പിക്കാ9 തീരുമാനം. ജില്ലാ കളക്ടർ എ9.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേ4ന്ന എ9കോഡ് ജില്ലാതല യോഗത്തിലാണ് തീരുമാനം. 207 സിബിഎസ്ഇ സ്കൂളുകളിലും 900 സ്കൂളുകളിലും ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കും. ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്ന രീതിയിൽ പ്രത്യേക കലണ്ടർ തയാറാക്കാ9 ജില്ലാ കളക്ടർ നി4ദേശം നൽകി. വിദ്യാഭ്യാസ വകുപ്പിനെയും സിബിഎസ്ഇ സ്കൂൾ കോഓഡിനേറ്ററെയും ഇതിനായി ചുമതലപ്പെടുത്തി.

നർക്കോട്ടിക്സ്, എക്സൈസ്, പോലീസ്, സ്കൂൾ കൗൺസിലർമാർ, എംഎസ്ഡബ്ല്യു വിദ്യാ4ഥികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി റിസോഴ്സ് പേഴ്സൺമാരുടെ ശൃംഖല രൂപീകരിച്ച ശേഷമായിരിക്കും ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക. ലഹരി വിരുദ്ധ സന്ദേശവും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവും ഓരോ വിദ്യാ4ഥിയെയും കൃത്യമായി ബോധ്യപ്പെടുത്തുന്ന വിധത്തിലുള്ള സമഗ്ര ഇടപെടലാണ് ലക്ഷ്യമിടുന്നത്.

സിന്തറ്റിക് ലഹരിയുടെ ഉപയോഗം വ4ധിക്കുന്നതായി നർക്കോട്ടിക്സ് വിഭാഗം ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു. വിദേശ രാജ്യങ്ങളിൽ നിന്ന് തപാലിലും കൊറിയറിലുമായി ലഹരി പദാർഥങ്ങൾ എത്തുന്നു. ഇത് തടയുന്നതിനാവശ്യമായ പരിശോധനകൾ ക4ശനമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി ചേ4ന്ന് സംയുക്ത പരിശോധന നടത്തുമെന്നും നർക്കോട്ടിക്സ് വിഭാഗം അറിയിച്ചു.

വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ജനജാഗ്രതാ സമിതികൾ പ്രവ4ത്തിക്കുന്നുണ്ട്. പോലീസിന്റെയും എക്സൈസിന്റെ പരിശോധന കർശനമാക്കാ9 ജില്ലാ കളക്ടർ നിർദേശിച്ചു. ജില്ലയിലെ 23 എയ്ഡഡ് കോളേജുകളിലും ജനജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

ജില്ലയിൽ പ്രവർത്തിക്കുന്ന പോസ്റ്റൽ, കൊറിയർ കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറയുടെ പ്രവ4ത്തനം സംബന്ധിച്ച് പരിശോധന നടത്താ9 പോലീസിന് ജില്ലാ കളക്ടർ നി4ദേശം നൽകി.

## കണയന്നൂർ താലൂക്ക് ഓഫീസ് മാറ്റും, എം എൽ എ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിക്കും

**കൊച്ചി:** കണയന്നൂർ താലൂക്ക് ഓഫീസ് നിലവിലുള്ള പൈതൃക സമുച്ചയത്തിൽ നിന്നു മാറ്റി പ്രവർത്തിപ്പിക്കുന്നതിന് എംഎൽഎ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിക്കുമെന്നു ടി ജെ വിനോദ് എം എൽ എ പറഞ്ഞു.

താലൂക്ക് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി ദർബാർ ഹാൾ റോഡിൽ എയർ ഇന്ത്യയിൽ നിന്ന് റവന്യു വകുപ്പ് ഏറ്റെടുത്ത കെട്ടിടത്തിന്റെ തത് സ്ഥിതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷിനൊപ്പം സന്ദർശനം നടത്തുകയായിരുന്നു അദ്ദേഹം.

തിരക്കേറിയ കണയന്നൂർ താലൂക്ക് ഓഫീസ് നിലവിൽ പാർക്ക് അവന്യു റോഡിൽ 150 വർഷത്തിലേറെ പഴക്കമുള്ള കൊച്ചി രാജാവിന്റെ സെക്രട്ടേറിയറ്റായി പ്രവർത്തിച്ചിരുന്ന പൈതൃക മന്ദിരത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പൈതൃക പദവിയുള്ളതിനാൽ ഈ കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടത്താനും ജീവനക്കാർക്കും ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാനും കഴിയില്ല. ഈ സാഹചര്യത്തിലാണ് എയർ ഇന്ത്യയിൽ നിന്ന് റവന്യു വകുപ്പ് ഏറ്റെടുത്ത കെട്ടിടത്തിലേക്ക് കണയന്നൂർ താലൂക്ക് ഓഫിസ് മാറ്റാൻ തീരുമാനമെടുക്കുന്നത്.

കഴിഞ്ഞ വർഷം ജൂലൈയിൽ സംസ്ഥാന സർക്കാർ ഇതിന് അനുമതി നൽകിയിരുന്നു. 27 സെന്റ് സ്ഥലത്ത് 855 ചതുരശ്രമീറ്റർ വിസ്തീർണത്തിലുള്ള ഇരുനില കെട്ടിടമാണിത്. മുൻപ് എയർ ഇന്ത്യ എക്സ്പ്രസ് ഓഫിസായി പ്രവർത്തിച്ചിരുന്നു. കെട്ടിടം താലൂക്ക് ഓഫിസാക്കി മാറ്റണമെങ്കിൽ തറയോടു മാറ്റിവിരിക്കൽ, സീലിങ് മാറ്റൽ, വയറിങ്ങ്, പ്ലംബിംഗ്, കാബിനുകൾ തുടങ്ങി ഒട്ടേറെ നവീകരണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. ഇതിനു ഒരു കോടി രൂപയിലേറെ ചെലവു വരും.



## ശബരിമല തീർഥാടനം: സുരക്ഷാ ഇടനാഴി തുറന്ന് സംസ്ഥാന ഗതാഗത വകുപ്പ്

**നിലയ്ക്കൽ:** ശബരിമല ഭക്തർക്കു സുഗമമായ തീർഥാടനം ഉറപ്പാക്കി മോട്ടർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് സോൺ പ്രവർത്തനങ്ങൾക്കു തുടക്കം. ശബരിമല മേൽശാന്തി എസ് അരുൺകുമാർ നമ്പൂതിരി, മാളികപ്പുറം മേൽശാന്തി വാസുദേവൻ നമ്പൂതിരി എന്നിവർ സേഫ് സോൺ പ്രവർത്തനങ്ങൾക്കു ആശംസകൾ നേർന്ന് ഇലവുങ്കൽ കൺട്രോൾ റൂം സന്ദർശിച്ചു.

പദ്ധതിയുടെ ഉദ്ഘാടനം ഇലവുങ്കൽ കൺട്രോൾ സ്റ്റേഷനിൽ ഗതാഗത കമ്മിഷണർ നാഗരാജു ചക്കിലം ഉദ്ഘാടനം ചെയ്തു.ജോയിന്റ് ട്രാൻസ്പോർട്ട് കമ്മിഷണർ ഷാജി മാധവൻ അധ്യക്ഷത വഹിച്ചു. മുൻ സ്പെഷൽ ഓഫിസർ പി. ഡി.സുനിൽ ബാബു, ആർടിഒമാരായ ഡി .മഹേഷ്, എച്ച്. അൻസാരി, സി.ശ്യാം, കെ.അജിത്കുമാർ, എൻ.സി.അജിത്ത്കുമാർ എന്നിവർ പ്രസംഗിച്ചു.

ഇലവുങ്കൽ കേന്ദ്രീകരിച്ചാണ് പ്രധാന കൺട്രോൾ സ്റ്റേഷൻ പ്രവർത്തിക്കുക. ഇവിടെ 24 മണിക്കൂറും പ്രവർത്തന സജ്ജമായ എട്ട് സ്ക്വാഡുകൾ ഉണ്ട്. എരുമേലിയിലും കുട്ടിക്കാനത്തുമുള്ള സബ് കൺട്രോൾ സ്റ്റേഷനുകളിൽ 6 സ്ക്വാഡുകൾ വീതവും രംഗത്ത് ഉണ്ടാവും. ആംബുലൻസ്, ക്രെയിൻ, വർക്ക് ഷോപ്പ് തുടങ്ങിയ സേവനങ്ങളും ലഭ്യമാണ്. റോഡിന്റെ വിവിധ ഭാഗങ്ങളിൽ ഹെൽപ് ലൈനുകളും പ്രദർശിപ്പിച്ചിട്ടുണ്ട്.



## പ്രകൃതി ദുരന്തങ്ങൾ കുട്ടികളിൽ സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച് ഗൗരവപൂർവം ചിന്തിക്കണം: എൻ സുനന്ദ

**പത്തനംതിട്ട:** നിലവിലെ കാലാവസ്ഥ വ്യതിയാനങ്ങൾ പ്രവചനാതീതമാകയാൽ പ്രകൃതി ദുരന്തങ്ങൾ കുട്ടികളിൽ സൃഷ്ടിക്കുന്ന മാനസിക പ്രത്യാഘാതത്തെക്കുറിച്ച് ഗൗരവപൂർവം ചിന്തിക്കണമെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ മെമ്പർ എൻ സുനന്ദ. മാനസിക സാമൂഹിക ശാരീരിക പ്രതികൂലാവസ്ഥയെ അഭിമുഖീകരിക്കാൻ കുട്ടികളെ സന്നദ്ധരാക്കുകയാണ് ലക്ഷ്യം. ജി.എച്ച്.എസ് നെടുമ്പ്രം സ്കൂളിൽ കുട്ടികൾക്കായി 'കുട്ടികളും പ്രകൃതി ദുരന്തങ്ങളും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. പ്രകൃതി ദുരന്തങ്ങളിൽ അകപ്പെടുന്ന കുട്ടികളുടെ പൂർണ സുരക്ഷിതത്വം ഉറപ്പാക്കാൻ ചൈൽഡ് വെൽഫെയർ കമ്മറ്റി സന്നദ്ധമാണെന്ന് അഡ്വ.എൻ രാജീവ് പറഞ്ഞു.

ജില്ലാ വനിതാ ശിശുവികസന ഓഫീസർ യു.അബ്ദുൾ ബാരി, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ റ്റി.ആർ ലതാകുമാരി, സ്കൂൾ പ്രധാന അധ്യാപിക ബിന്ദു കൃഷ്ണ, പി.ടി.എ പ്രസിഡന്റ് സന്തോഷ് എന്നിവർ പങ്കെടുത്തു.

## കുറ്റവാളികളുടെ മാനസിക പരിവർത്തനത്തിന് പ്രൊബേഷൻ സമ്പ്രദായം ഫലപ്രദം: മന്ത്രി

**തിരുവനന്തപുരം**കുറ്റവാളികളുടെ മാനസിക പരിവർത്തനത്തിനും സാമൂഹിക പുനരധിവാസത്തിനും ഊന്നൽ നൽകി സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള മികച്ച മാർഗമാണ് പ്രൊബേഷൻ സംവിധാനമെന്ന് മന്ത്രി ആർ ബിന്ദു,സംസ്ഥാനതല പ്രൊബേഷൻ ദിന പരിപാടിയുടെ ഉദ്ഘാടനം കേരള ലോ അക്കാദമി ഹാളിൽ ഓൺലൈൻ വഴി നിർവഹിക്കുകയായിരുന്നു മന്ത്രി. കുറ്റകൃത്യങ്ങളുടെ ആവർത്തനം തടയുന്നതിനും ജയിലുകൾ തടവുകാരെക്കൊണ്ട് തിങ്ങി നിറയുന്ന അവസ്ഥ ഒഴിവാക്കുന്നതിനും കുറ്റകൃത്യങ്ങൾ കുറഞ്ഞ സമൂഹം സൃഷ്ടിക്കുന്നതിനും പ്രൊബേഷൻ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നത് വഴി സാധിക്കും. സാമൂഹ്യ പ്രതിരോധ മേഖലയിൽ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കി വരുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി അറിയിച്ചു. കേരളത്തിന്റെ പ്രഥമ നിയമ മന്ത്രിയും പ്രഗൽഭനായ ന്യായാധിപനുമായിരുന്ന ജസ്റ്റിസ് വി ആർ കൃഷ്ണയ്യരുടെ ജന്മദിനമായ നവംബർ 15 പ്രൊബേഷൻ ദിനമായി സർക്കാർ ആചരിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യനീതി വകുപ്പ് പരിപാടി സംഘടിപ്പിച്ചത്.

വി കെ പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്ലാനിങ് ബോർഡ് അംഗം പ്രൊഫ. മിനി സുകുമാർ, കേരള ലോ അക്കാദമി ഡയറക്ടർ പ്രൊഫ. കെ.അനിൽകുമാർ, ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് ചീഫ് വെൽഫെയർ ഓഫീസർ ലക്ഷ്മി കെ., സാമൂഹ്യനീതി ഡയറക്ടർ പ്രിയങ്ക ജി, അഡീഷണൽ ഡയറക്ടർ ജലജ എസ് തുടങ്ങിയവർ പങ്കെടുത്തു.

# സ്ത്രീകളിലെ അപസ്മാരം; ജനനം മുതൽ വാർദ്ധക്യം വരെ വേണം കരുതൽ





**ഡോ. സന്ദീപ് പദ്മനാഭൻ,**
സീനിയർ കൺസൾട്ടന്റ്, ന്യൂറോളജി ആൻഡ് എപിലെപ്സി മാനേജ്മെന്റ്, ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

ലോകമെമ്പാടും ലക്ഷക്കണക്കിനാളുകൾ നേരിടുന്ന ഒരു പ്രശ്നമാണ് അപസ്മാരം. എന്നാൽ സ്ത്രീകളിൽ കണ്ടുവരുന്ന അപസ്മാരത്തിന് അല്പം സങ്കീർണതകൾ കൂടുതലാണ്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ ഉണ്ടാകുന്ന ഹോർമോൺ വ്യതിയാനങ്ങളാണ് അതിനുകാരണം. ജനനം, കൗമാരം, ആർത്തവം, പ്രസവം, ആർത്തവവിരാമം, വാർദ്ധക്യം ഇങ്ങനെ ഓരോ ഘട്ടത്തിലും സവിശേഷ പരിചരണം വേണ്ടിവരുന്നു.

**ഹോർമോണുകളും അപസ്മാരവും**

സ്ത്രീകളിലുണ്ടാകുന്ന അപസ്മാരത്തിൽ ശരീരത്തിലെ ഹോർമോണുകളുടെ ഏറ്റക്കുറച്ചിലുകൾക്ക് വലിയ പങ്കുണ്ട്. സ്ത്രീഹോർമോണായ ഈസ്ട്രജൻ അപസ്മാര സാധ്യത കൂട്ടുന്നു. എന്നാൽ പ്രൊജസ്റ്ററോൺ എന്ന ഹോർമോൺ അപസ്മാര സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. ഈ രണ്ട് ഹോർമോണുകളാണ് സ്ത്രീകളിൽ ഏറ്റവും നിർണായകമായി പ്രവർത്തിക്കുന്നത്.

ചെറുപ്രായത്തിൽ അപസ്മാരം ഉണ്ടാകുന്ന പെൺകുട്ടികളുടെ ഭാവികൂടി കണക്കിലെടുത്തുകൊണ്ടുവേണം ചികിത്സ തുടങ്ങാൻ. ദീർഘകാല ആരോഗ്യം ഉറപ്പുവരുത്തുന്ന മരുന്നുകൾ വേണം ഇവർക്ക് തെരഞ്ഞെടുക്കാൻ. അപസ്മാരത്തിന് നൽകുന്ന ചില മരുന്നുകൾ കുട്ടികളുടെ ശരീരഭാരം കൂടാനും ആർത്തവക്രമം തെറ്റാനും പി.സി.ഒ.ഡി പോലെയുള്ള ഹോർമോണൽ പ്രശ്നങ്ങൾക്കും കാരണമാകാം. ഇതെല്ലാം ഭാവിയിൽ ഗർഭംധരിക്കാൻ തടസ്സമായേക്കാം. കൃത്യസമയത്ത് ചികിത്സ തുടങ്ങുകയും പരിശോധനകൾ മുറപോലെ നടത്തുകയും ചെയ്താൽ ഇത്തരം പ്രശ്നങ്ങൾ പരമാവധി കുറയ്ക്കാനാകും.

പ്രായപൂർത്തിയായ പെൺകുട്ടികളിൽ, അണ്ഡം ഉല്പാദിപ്പിക്കപ്പെടുന്ന സമയത്തും ആർത്തവത്തിന് ശേഷവും ഈസ്ട്രജന്റെ അളവ് കൂടുന്നതിനാൽ അപസ്മാരം ഉണ്ടാകാനുള്ള സാധ്യതയും കൂടുന്നു. ക്രമരഹിതമായ ആർത്തവചക്രമുള്ളവരിൽ കാര്യങ്ങൾ കൂടുതൽ വഷളാകാം. അതുകൊണ്ട് ആർത്തവചക്രം കൃത്യമായി നിരീക്ഷിച്ച ശേഷം, അത് സാധാരണ ഗതിയിലാക്കിയ ശേഷം വേണം അപസ്മാരത്തിനുള്ള മരുന്നുകൾ കഴിക്കേണ്ടത്.

**അപസ്മാരം വിവാഹജീവിതത്തിൽ**

സാമൂഹികമായ പല തെറ്റിദ്ധാരണകളും അപസ്മാരത്തെ ചുറ്റിപ്പറ്റി നമ്മുടെ നാട്ടിലുണ്ട്. യുവതികൾക്ക് കല്യാണാലോചനകൾ വരുമ്പോഴെല്ലാം അപസ്മാരം ഒരു പ്രധാന ചർച്ചാവിഷയമാകാറുണ്ട്. ഇക്കാര്യത്തെ കുറിച്ച് തുറന്നുസംസാരിക്കാനും പരസ്പരം മനസ്സിലാക്കാനുമുള്ള ഇടമുണ്ടാകേണ്ടത് അത്യാവശ്യമാണ്. മാനസികപിന്തുണയുടെ പ്രാധാന്യം വളരെ വലുതും. കൃത്യമായ അറിവും അവബോധവും കൊണ്ടുവേണം ഇത്തരം ചിന്തകളെ മാറ്റിയെടുക്കാൻ.

അപസ്മാരം ഉള്ള സ്ത്രീകൾ ഗർഭനിരോധന മരുന്നുകൾ കഴിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. ഡോക്ടറുടെ നിർദേശം അനുസരിച്ച് വേണം ഇവർ അവ ഉപയോഗിക്കാൻ കാരണം ചിലപ്പോൾ അത് അപസ്മാരത്തിന് വേണ്ടി കഴിക്കുന്ന മരുന്നുകളുമായി ചേരാത്തതായിരിക്കും.

അപസ്മാരമുള്ള യുവതികൾ ഗർഭം ധരിക്കാൻ പദ്ധതിയിടുന്നുണ്ടെങ്കിൽ കുറഞ്ഞത് മൂന്ന് മാസം മുൻപെങ്കിലും തയാറെടുപ്പുകൾ തുടങ്ങേണ്ടതുണ്ട്. സ്ഥിരമായി കാണുന്ന ഗൈനക്കോളജിസ്റ്റിനെ സമീപിക്കുകയും മരുന്നുകളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചോദിച്ചറിയുകയും വേണം. അപസ്മാരം നിയന്ത്രിക്കാൻ പലതരം മരുന്നുകൾ സ്ഥിരമായി കഴിക്കുന്നവരുണ്ട്. ഗർഭം ധരിക്കാൻ ഒരുങ്ങുമ്പോൾ ഡോക്ടറുടെ നിർദേശങ്ങൾക്കനുസരിച്ച് മരുന്നിൽ മാറ്റങ്ങൾ വരുത്തണം. ഇല്ലെങ്കിൽ അപസ്മാരത്തിന് കഴിക്കുന്ന മരുന്നുകൾ വന്ധ്യതയ്ക്ക് കാരണമായേക്കാം.

പണ്ടുകാലത്ത് ഗർഭിണികളിലെ അപസ്മാരത്തിന് നൽകിയിരുന്ന മരുന്നുകൾ ഭ്രൂണത്തിന്റെ ആരോഗ്യത്തെ കാര്യമായി ബാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഗർഭിണികൾക്ക് സുരക്ഷിതമായി ഉപയോഗിക്കാവുന്ന മരുന്നുകൾ ലഭ്യമാണ്. എങ്കിലും 3% മുതൽ 25% വരെ സ്ത്രീകളിലും ഭ്രൂണത്തിന് തകരാറുകൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അതുകൊണ്ടാണ് കൂടുതൽ ചെക്കപ്പുകളും മേൽനോട്ടവും ഗർഭിണികൾക്ക് വേണമെന്ന് പറയുന്നത്.

**അമ്മയ്ക്കോ അച്ഛനോ അപസ്മാരമുണ്ടെങ്കിൽ കുഞ്ഞിനും രോഗമുണ്ടാകുമോ?**

2030% രോഗികളിൽ മാത്രമാണ് ജനിതക കാരണങ്ങളാൽ അപസ്മാരം ഉണ്ടാകുന്നത്. അതായത് നിങ്ങൾക്ക് അപസ്മാരമുണ്ടെങ്കിൽ നിങ്ങളുടെ കുട്ടികൾക്ക് അപസ്മാരമുണ്ടാകാനുള്ള ചെറിയൊരു സാധ്യതയുണ്ട്. എങ്കിലും ഭൂരിഭാഗം രോഗികളിലും (60%70%) മറ്റ് കാരണങ്ങൾ കൊണ്ടാണ് അപസ്മാരം ഉണ്ടാകുന്നത്. ഇനി നിങ്ങളിൽ നിന്ന് ജനിതകമായി കുഞ്ഞിന് ഭാവിയിൽ അപസ്മാരമുണ്ടായാലും, കൃത്യമായ പരിശോധനകളിലൂടെയും ചികിത്സയിലൂടെയും ഒരു സാധാരണ ജീവിതം നയിക്കാൻ നിസംശയം കഴിയും.

ആറ് മാസത്തിനും ആറ് വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ പനി കൂടുമ്പോൾ അതിനോടനുബന്ധിച്ച് അപസ്മാരം ഉണ്ടാകാറുണ്ട്. അപസ്മാരമുള്ള അമ്മമാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളിൽ ഇങ്ങനെ സംഭവിക്കാറുണ്ട്. എന്നാൽ ഇതിന് കാര്യമായ ചികിത്സയൊന്നും വേണ്ടിവരാറില്ല. കുട്ടി വളരുമ്പോൾ അത് സ്വാഭാവികമായി ഭേദമായിക്കൊള്ളും. ഡോക്ടറെ കണ്ട് പരിശോധനകൾക്ക് വിധേയരാകുകയും അപകടസാദ്ധ്യതകൾ ഇല്ലെന്ന് ഉറപ്പാക്കുകയും ചെയ്യേണമെന്ന് മാത്രം..

**ഗർഭകാലത്തെ അപസ്മാരം; വേണം അതീവജാഗ്രത**

ഗർഭം ധരിച്ച് ആദ്യത്തെ എട്ട് ആഴ്ചക്കാലം ഭ്രൂണത്തിന്റെ ആരോഗ്യത്തിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. കാരണം, ഇക്കാലത്താണ് കുഞ്ഞിന്റെ ശരീരത്തിലെ പ്രധാന അവയവങ്ങൾ ഉണ്ടാകുന്നത്. ഭ്രൂണത്തിന് അപാകതകൾ ഇല്ലായെന്ന് ഉറപ്പാക്കാൻ സാധാരണ ഗർഭിണികളേക്കാൾ കൂടുതൽ സ്കാനിങ്ങുകൾ വേണ്ടിവരും. ഭ്രൂണത്തിന് തകരാറുകൾ ഉണ്ടായാൽ ജനിക്കുന്ന കുഞ്ഞിന്റെ മസ്തിഷ്കം, ഹൃദയം, മുഖത്തിന്റെ ആകൃതി, കൈകാലുകൾ എന്നിവയിൽ കാര്യമായ തകരാറുകളോ വൈകല്യങ്ങളോ ഉണ്ടാകാനിടയുണ്ട്. സാധാരണ അപസ്മാരത്തിന് കഴിക്കുന്ന മരുന്നുകൾ ഇക്കാലയളവിൽ തുടരാൻ പാടില്ല. നിർബന്ധമായും ഡോക്ടറുടെ നിർദേശപ്രകാരം ഗർഭകാലത്തിന് അനുയോജ്യമായ മരുന്നുകൾ വേണം കഴിക്കാൻ. പലപ്പോഴും ഗൈനക്കോളജിസ്റ്റ്, ന്യൂറോളജിസ്റ്റ്, ഫീറ്റൽ മെഡിസിൻ വിദഗ്ധർ എന്നിവർ സംയുക്തമായിട്ടായിരിക്കും ഗർഭിണികളിലെ അപസ്മാരത്തെ ചികില്സിക്കുന്നത്.

ഗർഭം മൂന്ന് മാസങ്ങൾ പിന്നിട്ടാൽ പിന്നെ അമ്മയുടെ ആരോഗ്യത്തിനാണ് കൂടുതൽ ശ്രദ്ധ നൽകേണ്ടത്. ഈ സമയത്ത് അമ്മയ്ക്ക് അപസ്മാരമുണ്ടായാൽ ഗർഭാശയത്തിലേക്കുള്ള രക്തയോട്ടം തടസപ്പെടാനും ഗർഭസ്ഥശിശുവിന് ആവശ്യത്തിന് ഓക്സിജൻ കിട്ടാത്ത സാഹചര്യവും ഉണ്ടാകാം. ഇതും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴിവെച്ചേക്കാം. അതുകൊണ്ട് പരമാവധി അപസ്മാരം ഉണ്ടാകാതെ നോക്കേണ്ട സമയമാണിത്. പ്രസവത്തോടടുക്കുന്തോറും അപസ്മാരത്തിന് മരുന്നുകഴിക്കുന്ന സ്ത്രീകളുടെ ശരീരഭാരം കൂടും. കേരളത്തിലെ സ്ത്രീകളിൽ പൊതുവേ 6 മുതൽ 10 കിലോ വരെ കൂടാറുണ്ട്. ഇക്കാലത്ത് പ്രൊജസ്റ്ററോണിന്റെ അളവ് കൂടുന്നതിനാൽ അപസ്മാരം ഉണ്ടാകാനുള്ള സാധ്യത കുറയും. എങ്കിലും ശ്രദ്ധയും കരുതലും ആവശ്യമാണ്. ഈ സമയത്തും കഴിക്കുന്ന മരുന്നുകളിലും അവയുടെ ഡോസുകളിലും ഡോക്ടർമാർ മാറ്റങ്ങൾ നിർദേശിക്കാറുണ്ട്.

പ്രസവം കഴിഞ്ഞാലുടൻ പ്രൊജസ്റ്ററോണിന്റെ അളവ് കുത്തനെ കുറയുന്നു. അതിനാൽ പ്രസവത്തോടനുബന്ധിച്ച് അപസ്മാരം ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. പ്രസവത്തിന് ഏതാണ്ട് 45 ദിവസങ്ങൾക്ക് മുൻപും പ്രസവശേഷമുള്ള 72 മണിക്കൂർ കാലയളവിലും അതീവശ്രദ്ധ അനിവാര്യമാണ്. തുടർന്നുള്ള അഞ്ചോ ആറോ ദിവസങ്ങളിലും കരുതൽ വേണം. പ്രസവത്തിനായി ആശുപത്രി തെരഞ്ഞെടുക്കുമ്പോൾ അപസ്മാരമുണ്ടായാൽ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉള്ള ആശുപത്രി തന്നെ തെരഞ്ഞെടുക്കേണ്ടത് പ്രധാനമാണ്.

**പ്രസവാനന്തരമുണ്ടാകുന്ന അപസ്മാരം**

പ്രസവശേഷമുണ്ടാകുന്ന അപസ്മാരം അമ്മയ്ക്കും കുഞ്ഞിനും ഒരുപോലെ വെല്ലുവിളികളുണ്ടാക്കുന്നു. യാദൃശ്ചികമായി അപസ്മാരമുണ്ടായാൽ അമ്മയുടെ കൈയിൽ നിന്ന് നവജാതശിശു താഴെ വീഴാനിടയുണ്ട്. കിടക്കുമ്പോഴാണ് അമ്മയ്ക്ക് അപസ്മാരം ഉണ്ടാകുന്നതെങ്കിൽ കുഞ്ഞിന്റെ ദേഹത്തേക്ക് മറിയാതിരിക്കാനും ശ്രദ്ധിക്കണം. അപസ്മാരത്തിന് ഉപയോഗിക്കുന്ന ചില മരുന്നുകൾ മുലപ്പാലിലൂടെ കുഞ്ഞിലേക്ക് ഏതാനും സാധ്യതയുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ഒരന്തരീക്ഷമാണ് അപസ്മാരമുള്ള അമ്മമാർക്ക് പ്രസവാനന്തരം വീടുകളിൽ ഒരുക്കിനൽകേണ്ടത്.

**വാർദ്ധക്യത്തിലെ അപസ്മാരം**

ആർത്തവവിരാമത്തിനു ശേഷം ഹോർമോണുകളുടെ അളവ് കുറയുന്നതിനാൽ അപസ്മാരം ഉണ്ടാകാനുള്ള സാധ്യത കൂടുന്നു. ദീർഘകാലമായി അപസ്മാരത്തിനുള്ള മരുന്നുകൾ കഴിക്കുന്നവരിൽ അതിന്റേതായ പാർശ്വഫലങ്ങളും ഉണ്ടാകാം. എല്ലുകളുടെ ശക്തി ക്ഷയിക്കുക, വിറ്റാമിൻ ഡിയുടെ കുറവ് എന്നിവ അതിൽ ചിലതാണ്. ഈ ഘട്ടത്തിൽ ഹോർമോൺ റീപ്ലേസ്മെന്റ് പോലെയുള്ള തെറാപ്പികളും കൃത്യമായ ചെക്കപ്പുകളും ആവശ്യമായി വന്നേക്കാം.

പ്രായമാകുന്തോറും വീണ് പരിക്കേൽക്കാനുള്ള സാധ്യത കൂടുകയും, ഹൃദയഘാതം ഉണ്ടാവാനുള്ള സാധ്യത കൂടുന്നതിനാലും അപസ്മാരം നിയന്ത്രിക്കേണ്ടത് അനിവാര്യമായിത്തീരുന്നു. അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ, കൃത്യമായി മരുന്നുകൾ കഴിക്കുന്നതിനൊപ്പം നിരന്തര നിരീക്ഷണവും പരസഹായവും ആവശ്യമായി വരാം.

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും അപസ്മാരമുള്ള സ്ത്രീകൾക്ക് കൃത്യമായ ചെക്കപ്പുകൾ ആവശ്യമാണെന്ന് ഏറെക്കുറെ മനസ്സിലായിക്കാണുമല്ലോ. ഓരോ ജീവിതഘട്ടത്തിനും അനുസരിച്ച് മരുന്നുകളിലും അവയുടെ അളവിലും മാറ്റങ്ങൾ വരുത്തണം. പാർശ്വഫലങ്ങൾ പരമാവധി കുറയ്ക്കാനായിരിക്കും ഡോക്ടർമാർ ശ്രമിക്കുക. അതിനാൽ മരുന്നുകൾ കഴിക്കാൻ മടിക്കരുത്. കൃത്യമായ ചികിത്സയിലൂടെ അപസ്മാരമുള്ള സ്ത്രീകൾക്കും സാധാരണപോലെ സന്തോഷപൂർവം പ്രസവിക്കാനും തുടർന്ന് ജീവിക്കാനും കഴിയും. ഇക്കാര്യത്തിൽ വീടിനകത്തുനിന്നും പുറത്തുനിന്നും മികച്ച പിന്തുണ ആവശ്യമാണെന്ന് മാത്രം.




# പുതിയ പ്ലാൻറേഷൻ നയം മേഖലയ്ക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരും: മന്ത്രി പി രാജീവ്

**കൊച്ചി:** പ്ലാൻറേഷൻ മേഖലയുടെ വൈവിദ്ധ്യവത്കരണത്തെക്കുറിച്ച് ഐഐഎം കോഴിക്കോടിൻറെ റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള നയം അവതരിപ്പിക്കുന്നതോടെ ഈ മേഖലയിൽ വലിയ തോതിലുള്ള നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യവസായമന്ത്രി പി രാജീവ് പറഞ്ഞു. ഇൻവസ്റ്റ് കേരള ആഗോള ഉച്ചകോടിയ്ക്ക് മുന്നോടിയായി കെഎസ്ഐഡിസി സംഘടിപ്പിച്ച പ്ലാൻറേഷൻ, ഹൈടെക് ഫാമിംഗ്, മൂല്യവർധിത റബർ ഉത്പന്നങ്ങൾ എന്നീ വ്യവസായങ്ങളുടെ മേഖലാ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്ലാൻറേഷൻ മേഖലയുടെ വൈവിദ്ധ്യവത്കരണത്തെക്കുറിച്ച് ഐഐഎം കോഴിക്കോട് നടത്തിയ പഠനം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എല്ലാ പങ്കാളികളുമായി ചർച്ച ചെയ്ത് പുതിയ നയം അവതരിപ്പിക്കാനാണ് സർക്കാർ തയ്യാറെടുക്കുന്നത്. ഈ സാധ്യത ഉപയോഗപ്പെടുത്തിയാൽ വലിയ തോതിലുള്ള നിക്ഷേപമാണ് തോട്ടം മേഖലയിൽ ഉണ്ടാകാൻ പോകുന്നതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.കേരളത്തിൽ വ്യവസായം തുടങ്ങാൻ കെസ്വഫ്റ്റ് വഴി ഒരുമിനിറ്റ് മതിയെന്ന് മന്ത്രി പറഞ്ഞു. നിയമപരമായ ബാധ്യതകൾ പൂർത്തിയാക്കിയാൽ മൂന്നരവർഷം കൊണ്ട് ലൈസൻസ് എടുത്താൽ മതിയാകും. കെസ്വഫ്റ്റിൻറെ പ്രിൻസിപ്പൽ അനുമതി പത്രം വഴി വായ്പയുൾപ്പെടെയുള്ള കാര്യങ്ങൾ ലളിതമാക്കും. വ്യവസായങ്ങളുടെ പ്രവർത്തനത്തിന് സഹായകരമാകുന്ന നിയമഭേദഗതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ വ്യവസായികൾ തന്നെ ശ്രമിക്കണം. കൂട്ടായ പ്രയത്നത്തിൻറെ ഭാഗമായാണ് വ്യവസായസൗഹൃദത്തിൽ കേരളം ഒന്നാമതെത്തിയതെന്നും മന്ത്രി പറഞ്ഞു.വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് പുതിയ വ്യവസായ നയത്തെക്കുറിച്ച് അവതരണം നടത്തി. കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ സ്വാഗതവും എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ നന്ദിയും രേഖപ്പെടുത്തി.ഹൈടെക് ഫാമിംഗ് ആൻഡ് വാല്യു ആഡഡ് റബർ എന്ന വിഷയത്തിൽ റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം വസന്തഗേശൻ, പ്ലാൻറേഷൻ കോർപറേഷൻ എംഡി ഡോ. ജെയിംസ് ജേക്കബ്, റബ്ഫില എം ഡി കൃഷ്ണകുമാർ എന്നിവരുടെ നേതൃത്വത്തിൽ പാനൽ ചർച്ച നടത്തി. രാജ്യത്തെ സ്വാഭാവിക റബറിൻറെ 71 ശതമാനവും ഉത്പാദിപ്പിക്കുന്ന കേരളത്തിന് മൂല്യവർധിത റബർ ഉത്പന്നവ്യവസായങ്ങൾ വരേണ്ടത് അത്യാവശ്യമാണ്.

ഈ മേഖലയിലെ സാധ്യതകളെ പൂർണമായും ഉപയോഗപ്പെടുത്താൻ സക്രിയ ശ്രമങ്ങൾ വേണമെന്ന് പാനലിസ്റ്റുകൾ അഭിപ്രായപ്പെട്ടു.പഴക്കം ചെന്ന റബർ റീപ്ലാൻറ് ചെയ്യുകയും ആധുനിക പ്ലാൻറേഷൻ രീതികൾ അവലംബിക്കുകയും ചെയ്താൽ മാത്രമേ സ്വാഭാവിക റബർ ഉത്പാദനം താഴേക്കു പോകാതെ നിലനിറുത്താനാകൂ എന്നും ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

# ഇന്റീരിയർ ഡിസൈൻ കോഴ്സ്: ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:**സിവിൽ എഞ്ചിനീയറിംഗും ബിൽഡിംഗ് ഡിസൈനും തമ്മിലുള്ള വിടവ് നികത്തൽ ലക്ഷ്യമിട്ട് കർത്താസ് അക്കാദമി സ്കൂൾ ഓഫ് ഇന്റീരിയർ ഡിസൈനും കൊച്ചുതൊമ്മൻ അസോസിയേറ്റ്സും ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഫിസാറ്റ്) യുമായി ധാരണാപത്രം ഒപ്പുവച്ചു. ഫിസാറ്റിലെ അവസാന സെമസ്റ്റർ ബിടെക് സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് വേണ്ടി ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഇന്റീരിയർ ഡിസൈൻ എന്ന ആഡ് ഓൺ കോഴ്സ്, സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ ഡിസൈൻ തത്വങ്ങൾ കൂടി പ്രായോഗികമാക്കാൻ കഴിയുന്ന ഒരു പാഠ്യപദ്ധതി ഉറപ്പാക്കുന്നു.ഫിസാറ്റ് പ്രിൻസിപ്പൽ ഡോ. ജേക്കബ് തോമസ്, കർത്താസ് അക്കാദമി സ്കൂൾ ഓഫ് ഇന്റീരിയർ ഡിസൈൻ മാനേജിംഗ് ഡയറക്ടർ ഡോ. രമ എസ്. കർത്ത, കൊച്ചുതൊമ്മൻ അസോസിയേറ്റ്സിന്റെ പ്രിൻസിപ്പൽ ആർക്കിടെക്റ്റ് കൊച്ചുതൊമ്മൻ മാത്യു എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു.



സിവിൽ എഞ്ചിനിയറിങ്ങ് ഡിപ്പാർട്മെന്റ് ഹെഡ് ഡോ. ജിജി ആന്റണി , വൈസ് പ്രിൻസിപ്പൽ ഡോ. പി.ആർ. മിനി , സിവിൽ എഞ്ചിനിയറിങ് വിഭാഗത്തിലെ അധ്യാപകർ എന്നിവരും സന്നിഹിതരായിരുന്നു. നിർമ്മാണ, ഡിസൈൻ മേഖലയിലെ പ്രായോഗിക ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതിന് ആവശ്യമായ ഡിസൈൻ വൈദഗ്ധ്യം സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നൽകി അവരെ ഉദ്യോഗ സജ്ജരാക്കുക എന്നതാണ് ഈ ആറ് മാസത്തെ പ്രോഗ്രാം കൊണ്ട് ലക്ഷ്യമിടുന്നതെന്ന് അധികൃതർ വ്യക്തമാക്കി. പഠനം പൂർത്തിയാക്കുന്നതോടെ വിദ്യാർത്ഥികൾക്ക് സിവിൽ എഞ്ചിനിയറിങ്ങ് ഇന്റീരിയർ ഡിസൈൻ മേഖലയിലെ തൊഴിൽ അവസരങ്ങൾ ഒരു പോലെ പ്രയോജനപ്പെടുത്താവുന്ന തരത്തിലാണ് കരിക്കുലം രൂപപ്പെടുത്തിയിരിക്കുന്നത് .




# ഡയബറ്റ് ഈസ് ഇൻസുലിൻ പമ്പ് വിതരണം നടത്തി

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ റോയൽസിന്റെ ആഭിമുഖ്യത്തിൽ 'ഡയബറ്റ് ഈസ്' ഇൻസുലിൻ പമ്പ് വിതരണ ചടങ്ങ് സംഘടിപ്പിച്ചു. ചിറ്റിലപ്പിള്ളി സ്ക്വയറിൽ സംഘടിപ്പിച്ച ചടങ്ങിൽ റോട്ടറി ഡിസ്ട്രിക്ട് 3201 ഗവർണർ അഡ്വ. എൻ സുന്ദരവടിവേലു മുഖ്യാതിഥിയായിരുന്നു. ടൈപ്പ് വൺ പ്രമേഹമുള്ള അഞ്ച് കുട്ടികൾക്കാണ് ഇൻസുലിൻ പമ്പുകൾ കൈമാറിയത്. റോട്ടറി കൊച്ചിൻ റോയൽസ് പ്രസിഡന്റ് അനോജ് തോമസ്, മുൻ പ്രസിഡന്റ് ബിപിൻ ജോർജ്, ഗ്ലോബൽ ഗ്രാന്റ് ചെയർ ഡോ. ബിബു ജോർജ്, ടി ആർ എഫ് ഡിസ്ട്രിക്ട് ഉപദേഷ്ടാവ് ആർ ജയശങ്കർ, അസിസ്റ്റന്റ് ഗവർണർ സഞ്ജീവ് സാമുവൽ, ജി ജി ആർ രമേഷ് കോങ്ങാട്ടിൽ, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ പ്രസിഡന്റ് രാജേഷ് നായർ, റോട്ടറി ക്ലബ് ഓഫ് തൃപ്പൂണിത്തുറ റോയൽ പ്രതിനിധി അഡ്വ. ആർ രാമകൃഷ്ണൻ പോറ്റി, കളമശ്ശേരി മെഡിക്കൽ കോളജ് പീഡിയാട്രിക്സ് വിഭാഗം പ്രൊഫസറും ഹെഡുമായ ഡോ. ഷിജി കെ ജേക്കബ്, പീഡിയാട്രിക്സ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബിഫിന ബീഗം, റോട്ടറി കൊച്ചിൻ റോയൽസ് സെക്രട്ടറി തോമസ് മാർട്ടിൻ എന്നിവർ സംസാരിച്ചു. ടൈപ്പ് വൺ പ്രമേഹത്തിന്റെ മാനസിക സാമ്പത്തിക ആഘാതങ്ങളെ കുറിച്ച് ഡോ. അരുൺ എസ് മേനോനും ഇദയങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ് പ്രതിനിധി ഡോ. കൃഷ്ണൻ സ്വാമിനാഥനും പ്രഭാഷണം നടത്തി.



# അമൃത ആശുപത്രിയിൽ വയോജനസംഗമം സംഘടിപ്പിച്ചു

**കൊച്ചി:** നൈറ്റിംഗൽസ് മെഡിക്കൽ ട്രസ്റ്റും, കേന്ദ്ര സാമൂഹ്യ നീതി വകുപ്പും അമൃത ആശുപത്രിയിലെ ജെറിയാട്രിക്സ് വിഭാഗവുമായി ചേർന്ന് വയോജനസംഗമം സംഘടിപ്പിച്ചു.'ഏജിങ് വിത്ത് ഡിഗ്നിറ്റി' എന്ന ആപ്തവാക്യവുമായി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച പരിപാടിയിൽ എൺപതോളം പേർ പങ്കെടുത്തു.വാർദ്ധക്യകാല പോഷണം, രോഗപ്രതിരോധം, , ഫിസിയോതെറാപ്പി എന്നിവയിൽ സെമിനാർ നടന്നു. ഹെൽത്ത് ക്യാമ്പിൽ ദന്താരോഗ്യവും മുതിർന്നവരുടെ വീഴ്ചാ സാധ്യതയും പരിശോധിച്ചു. സംഗമത്തിന്റെ ഭാഗമായി സാഹിത്യ മത്സരങ്ങളും, വിനോദ പരിപാടികളും നടന്നു.

# ഭക്ഷ്യസുരക്ഷാ പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തണം:മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** പഴകിയതും ഗുണനിലവാരമില്ലാത്തതുമായ ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുക്കുന്നതിനുള്ള പരിശോധനകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് കൃത്യമായ ഇടവേളകളിൽ നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ്. അലക്സാണ്ടർ തോമസ്.ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.ഭക്ഷ്യസുരക്ഷാ വകുപ്പ് എറണാകുളം അസിസ്റ്റന്റ് കമ്മീഷണർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. വൻകിട ഹോട്ടലുകളിൽ ഉൾപ്പെടെ പാചകത്തിന് ഉപയോഗിക്കുന്ന എണ്ണ, വെള്ളം, പഴവർഗ്ഗങ്ങൾ, പച്ചക്കറി, മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം മാസത്തിലൊരിക്കൽ പരിശോധിക്കണമെന്ന പരാതിയിലാണ് നടപടി.എറണാകുളം ജില്ലയിൽ നടത്തിയ പരിശോധനയുടെ വിശാദാംശങ്ങൾ ഭക്ഷ്യാസുരക്ഷാവകുപ്പ് സമർപ്പിച്ചു. പോലീസ്, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ചേർന്ന് പോലീസ് മാസത്തിൽ രണ്ടു ദിവസം രാത്രികാലങ്ങളിൽ തട്ടുകടകളിൽ പരിശോധിക്കാറുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ജനകീയ അന്വേഷണ സമിതി ജനറൽ കൺവീനർ റ്റി.എൻ. പ്രതാപൻ സമർപ്പിച്ച പരാതിയിലാണ് നടപടി.




പൗൾട്രി ഇൻഡ്യ എക്സ് പോ 2024 പോസ്റ്റർ ഇന്ത്യൻ പൗൾട്രി എക്യുപ്മെന്റ് മാനുഫാക്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ഉദയ് സിംഗ് ബയാസിന്റെ നേതൃത്വത്തിൽ പ്രകാശനം ചെയ്തപ്പോൾ

# പൗൾട്രി ഇൻഡ്യ എക്സ്പോ 2024 നവംബർ 27 മുതൽ

**കൊച്ചി:** പൗൾട്രി മേഖലയിൽ സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ എക്സിബിഷനായ ' പൗൾട്രി ഇൻഡ്യ എക്സ് പോ 2024 ' നവംബർ 27 മുതൽ 29 വരെ ഹൈദ്രാബാദ് ഹൈടെക്സ് ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ നടക്കുമെന്ന് ഇന്ത്യൻ പൗൾട്രി എക്യുപ്മെന്റ് മാനുഫാക്ചേഴ്സ് അസോസിയേഷൻ ( ഐ.പി.ഇ.എം.എ) പ്രസിഡന്റ് ഉദയ് സിംഗ് ബയാസ് പറഞ്ഞു. അൺലോക്കിംഗ് പൗൾട്രി പൊട്ടൻഷ്യൽ എന്നാണ് ഈ വർഷത്തെ തീം. ഇന്ത്യ കൂടാതെ 50 ലധികം വിദേശ ജ്യങ്ങളിൽ നിന്നായി പൗൾട്രി മേഖലയിൽ പ്രവർത്തിക്കുന്ന 400 ലധികം കമ്പനികൾ എക്സിബിഷനിൽ പങ്കെടുക്കും. കർഷകരും വ്യവസായ പ്രതിനിധികളും ഉദ്യോഗസ്ഥരും അടക്കം 40,000 ലധികം സന്ദർശകരെത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. 2007 മുതൽ സംഘടിപ്പിച്ചുവരുന്ന പ്രദർശനം പൗൾട്രി മേഖലയിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള ലോകത്തിലെ തന്നെ ഏറ്റവും മികച്ച പ്രദർശനമാണ്. പൗൾട്രി ബിസിനസ് മേഖലയിലെ നവീന സാങ്കേതിക വിദ്യയും നൂതന ആശയങ്ങളും ജനങ്ങളിലെത്തിക്കുക,ആരോഗ്യ പരിപാലന, പോഷകാഹാരങ്ങളിൽ പൗൾട്രി ഉൽപ്പന്നങ്ങളുടെ പ്രാധാന്യം, അറിവ് എന്നിവ സമൂഹത്തിന് പകർന്നു നൽകുകയെന്നതാണ് എക്സിബിഷൻ പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നതെന്നും ഉദയ് സിംഗ് ബയാസ് പറഞ്ഞു. എക്സിബിഷനു മുന്നോടിയായി നവംബർ 26 ന് രാജ്യത്തിനകത്തും പുറത്തു നിന്നുമുള്ള കാർഷിക മേഖലയിലെ പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന ' നോളഡ്ജ് ഡേ ' എന്ന പേരിൽ ഏകദിന സാങ്കേതിക സെമിനാർ നടക്കും. 25 ലധികം രാജ്യങ്ങളിൽ നിന്നായി 1500 ഓളം പ്രതിനിധികൾ സെമിനാറിൽ പങ്കെടുക്കും. പൗൾട്രി മേഖ നേരിടുന്ന വെല്ലുവിളികൾ, ഭാവി, അടക്കമുള്ള വിഷയങ്ങൾ സെമിനാറിൽ ചർച്ച ചെയ്യും.

# ഇൻഫോപാർക്കിൽ ഡിജിറ്റൽ ടെക്നോളജി സെന്റർ തുറന്ന് എൻഒവി

**കൊച്ചി:** ഇൻഫോപാർക്ക് കൊച്ചിയിൽ നവീന ഡിജിറ്റൽ ടെക്നോളജി സെന്റർ (ഡിടിസി) തുറന്ന് യുഎസ് ബഹുരാഷ്ട്ര കമ്പനിയായ എൻഒവി. ലുലു സൈബർ ടവർ 2 ൽ 17,000 ചതുരശ്രയടി വിസ്തൃതിയിൽ തയ്യാറാക്കിയിരിക്കുന്ന പുതിയ ഓഫീസിന്റെ ഉദ്ഘാടനം വ്യവസായവകുപ്പ് മന്ത്രി പി രാജീവ് നിർവ്വഹിച്ചു. സോഫ്ട്‌വെയർ എൻജിനീയറിങ് സെന്റർ, കോർപറേറ്റ് ഡിജിറ്റൽ സർവീസസ്, കസ്റ്റമർ സപ്പോർട്ട് സെന്റർ എന്നിവയും ഇതിന്റെ ഭാഗമാകും. ആഗോള ഊർജ മേഖലയിൽ 150ലേറെ വർഷത്തെ ചരിത്രമുള്ള യുഎസ് ബഹുരാഷ്ട്ര കമ്പനിയാണ് എൻഒവി. ആഗോള തലത്തിൽ 34,000 ജീവനക്കാരുള്ള എൻഒവിക്ക് ഇന്ത്യയിൽ നിലവിൽ പുണെയിലും ചെന്നൈയിലും നിർമ്മാണശാലകളുണ്ട്. രാജ്യത്ത് എൻഒവിയുടെ ആദ്യത്തെ ഡിജിറ്റൽ ടെക്നോളജി ഡവലപ്മെന്റ് സെന്ററാണ് കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. കൊച്ചിയിൽ നിലവിൽ 70 ജീവനക്കാരുള്ള എൻഒവി അടുത്ത വർഷം ആദ്യ പാദത്തിൽ തങ്ങളുടെ ജീവനക്കാരുടെ എണ്ണം ഇരട്ടിയായി വർധിപ്പിക്കും. വ്യവസായനിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഒന്നാമതാണെന്നും കേരളത്തിന്റെ വ്യവസായ നയം പരിസ്ഥിതി, ജനങ്ങൾ, വ്യവസായം എന്നീ നിലയിലായതിനാൽ പാരിസ്ഥിതികപരിഗണന മുൻനിർത്തി തന്നെ കൂടുതൽ വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിക്കുമെന്ന് എൻഒവി ഡിജിറ്റൽ ടെക്നോളജി സെന്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കവേ മന്ത്രി പി. രാജീവ് പറഞ്ഞു. ലോകോത്തര നിലവാരത്തിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ, കണക്ടിവിറ്റി, മികച്ച സാങ്കേതിക പ്രതിഭകളുടെ ലഭ്യത തുടങ്ങിയവയാണ് ലോകത്തിന് മുന്നിൽ കൊച്ചിയെ ഒരു പ്രിയപ്പെട്ട ഐ.ടി ഡെസ്റ്റിനേഷനാക്കി മാറ്റുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ എൻഒവി ചീഫ് ഇൻഫർമേഷൻ ഓഫീസർ അലക്സ് ജെ ഫിലിപ്പ്സ്, എൻഒവി ഡിജിറ്റൽ ടെക്നോളജീസ് ഡയറക്ടർ ആനന്ദ് നാരായണ സ്വാമി, ഡയറക്ടർ ഓഫ് ബിസിനസ് ഡവലപ്മെന്റ് ജെയിംസ് ലാസർ, ഡയറക്ടർ ഓഫ് കസ്റ്റമർ സപ്പോർട്ട് ആൻഡ് ബിസിനസ് ഡവലപ്മെന്റ് എംഡിടി ഗാരി ഹിക്കിൻസ്, എസ്.വി.പി സോഫ്ട്‌വെയർ എഞ്ചിനീയറിംഗ് ഹാൻസ് റോണി കെംപജൻ, എൻഒവി പ്രസിഡന്റ് രെഞ്ചു ജോസ് കുരുവിള, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ എന്നിവരും സന്നിഹിതരായിരുന്നു.




## കോൺവേർസ്:ഇന്ത്യയിലെ മുഖങ്ങളായി ഹർഷ് വർദ്ധനും ഖുഷി കപൂറും

**കൊച്ചി:** കോൺവേർസിന്റെ ഇന്ത്യയിലെ മുഖങ്ങളായി ഹർഷ് വർദ്ധനെയും ഖുഷി കപൂറിനെയും പ്രഖ്യാപിച്ചു. മുംബൈയിലെ ലിങ്കിംഗ് റോഡിൽ കോൺവേർസിന്റെ ആദ്യ സ്റ്റോർ തുടങ്ങുന്നതിനോട് അനുബന്ധിച്ചാണ് ബ്രാൻഡ് അംബാസിഡർമാരായി താരങ്ങളെ പ്രഖ്യാപിച്ചത്. 115ലെറെ വർഷത്തെ പാരമ്പര്യമുള്ള ലൈഫ്സ്റ്റൈൽ ബ്രാൻഡാണ് കോൺവേർസ്.




# പെഗാട്രോണിൻെറ കൂടുതൽ ഓഹരികൾ ടാറ്റയ്ക്ക്

**മുംബൈ:** ആപ്പിൾ ഫോണുകളുടെ വിതരണം ശക്തിപ്പെടുത്താൻ തന്ത്രപരമായി നീക്കം നടത്തി ടാറ്റ ഇലക്ട്രോണിക്സ്. കരാർ നിർമാതാക്കളായ തായ് വാൻ കമ്പനി പെഗാട്രോണിന്റെ ഇന്ത്യയിലെ ഏക ഐഫോൺ പ്ലാൻറിൻെറ ഭൂരിഭാഗം ഓഹരികളും വാങ്ങാൻ ടാറ്റ ഇലക്ട്രോണിക്സ് സമ്മതിച്ചതായി പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത കമ്പനിയുമായി അടുത്ത വൃത്തങ്ങൾ റോയിട്ടേഴ്സിനോട് വെളിപ്പെടുത്തി.

കരാർ പ്രകാരം, ടാറ്റ 60 ശതമാനം ഓഹരി കൈവശം വയ്ക്കുകയും സംയുക്ത സംരംഭത്തിന് കീഴിൽ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും. 40 ശതമാനം ഓഹരിയുള്ള പെഗാട്രോൺ സാങ്കേതിക പിന്തുണ നൽകും. ഇടപാടിൻെറ സാമ്പത്തിക വശങ്ങളെക്കുറിച്ച് ഇവർ വെളിപ്പെടുത്തിയില്ല.

ഇക്കാര്യത്തെക്കുറിച്ച് ടാറ്റയിൽനിന്ന് പ്രതികരണമൊന്നും വന്നിട്ടില്ല. അതേസമയം ആപ്പിളും പെഗാട്രോണും റോയിട്ടേഴ്സിൻെറ ചോദ്യങ്ങളോട് പ്രതികരിച്ചില്ല. ഇടപാട് പൂർത്തിയായ കാര്യം വെള്ളിയാഴ്ച പ്ലാൻറിൽവച്ച് ജീവനക്കാർക്കു മുന്പിൽ പ്രഖ്യാപിച്ചു.

ഇടപാട് പൂർത്തിയാക്കുന്നതിന് വരും ദിവസങ്ങളിൽ കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ (സിസിഐ) അനുമതി തേടാനാണ് കമ്പനികളുടെ പദ്ധതി.പെഗാട്രോണിന് ആപ്പിളിൻെറ പിന്തുണയുണ്ടെന്നും ഇന്ത്യയിലെ ഏക ഐഫോൺ പ്ലാൻറ് ടാറ്റയ്ക്ക് വിൽക്കാൻ വിപുലമായ ചർച്ചകൾ നടത്തുന്നുണ്ടെന്നും ഏപ്രിലിൽ റോയിട്ടേഴ്സ് ആദ്യമായി റിപ്പോർട്ട് ചെയ്തു.

ബെയ്ജിംഗും വാഷിംഗ്ടണും തമ്മിലുള്ള ഭൗമരാഷ്ട്രീയ പിരിമുറുക്കങ്ങൾക്കിടയിൽ ആപ്പിൾ ചൈനയ്ക്കപ്പുറം വിതരണ ശൃംഖല വിപുലീകരിക്കാൻ കൂടുതൽ ശ്രമിക്കുന്നു. ഈ വർഷം ഇന്ത്യയിൽനിന്ന് 20 മുതൽ 25 ശതമാനം വരെ ഐ ഫോണുകളുടെ കയറ്റുമതി ഉണ്ടാകുമെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. കഴിഞ്ഞ വർഷം 12 മുതൽ 14 ശതമാനം കയറ്റുമതിയാണ് നടത്തിയത്.

ഇന്ത്യയിലെ ഏറ്റവും വലിയ കമ്പനികളിലൊന്നായ ടാറ്റ, ഇന്ത്യയിൽ പ്രവർത്തിക്കുന്ന മറ്റൊരു ഐഫോൺ കരാർ നിർമാതാക്കളായ ഫോക്സ്കോണിനോട് മത്സരിച്ച് ഐഫോൺ നിർമാണത്തിലേക്ക് അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. ടാറ്റയുമായുള്ള പങ്കാളിത്തത്തിലൂടെ ആപ്പിൾ ഇന്ത്യയിൽ ചുവടുറപ്പിക്കാനാണ് ഒരുങ്ങുന്നത്.

ഇത് ടാറ്റയുടെ ഇന്ത്യയിലെ മൂന്നാമത്തെ ഐഫോൺ നിർമാണ കേന്ദ്രമാകും. ഇത് കമ്പനിയുടെ ഐ ഫോൺ നിർമാണത്തെ ശക്തിപ്പെടുത്തും. ചെന്നൈ ആസ്ഥാനമായുള്ള പെഗാട്രോൺ പ്ലാൻറിൽ 10000ത്തിലേറെ ജോലിക്കാരുള്ളത്. ഇവിടെ നിന്ന് അൻപത് ലക്ഷത്തോളം ഐഫോണുകളാണ് ഓരോ വർഷവും ഇറങ്ങുന്നത്. തമിഴ്നാട്ടിലെ ഹൊസൂരിലും കർണാടകയിലും നിലവിലുള്ള പ്ലാൻറുകൾ പൂർത്തിയാകുകയാണ്. കർണാടകയിലെ പ്ലാൻറ് കഴിഞ്ഞ വർഷം തായ്‌വാൻ കമ്പനിയായ വിസ്ട്രണിൽനിന്നാണ് ഏറ്റെടുത്തത്. ഹൊസൂരിയിൽ ഐഫോണുകളുടെ ഘടകങ്ങളുടെ നിർമാണവുമുണ്ട്. ഇവിടെ സെപ്റ്റംബറിൽ തീപിടിത്തമുണ്ടായിരുന്നു.

# കെ ഫോൺ: ഏറ്റവും കൂടുതൽ കണക്ഷനുകളുമായി മലപ്പുറം; രണ്ടാമത് കോട്ടയം

**തിരുവനന്തപുരം:** കേരളത്തിന്റെ സ്വന്തം ബ്രോഡ്ബാൻഡ് കണക്ഷനായ കെഫോൺ ഉപഭോക്താക്കളുടെ എണ്ണത്തിൽ മുന്നേറി മലപ്പുറം. സംസ്ഥാനത്ത് ആകെയുള്ള 39878 കെഫോൺ ഹോം കണക്ഷനുകളിൽ 9472 കണക്ഷനുകൾ മലപ്പുറം ജില്ലയിൽ നിന്നുള്ളതാണ്. 4237 കണക്ഷനുകളുമായി കോട്ടയമാണ് രണ്ടാമത്. 4049 കണക്ഷനുകളുമായി പാലക്കാട് തൊട്ടുപിന്നിലുണ്ട്. കോഴിക്കോട് 3253, ഇടുക്കി 2612, തൃശൂർ 258, എറണാകുളം 2544, കൊല്ലം 2237, വയനാട് 2201, തിരുവനന്തപുരം 2002, കണ്ണൂർ 1659, ആലപ്പുഴ 1648, പത്തനംതിട്ട 1155, കാസർകോട് 207 എന്നിങ്ങനെയാണ് മറ്റ് ജില്ലകളിലെ ഹോം കണക്ഷനുകളുടെ എണ്ണം.സംസ്ഥാനത്തൊട്ടാകെ ഗ്രാമപ്രദേശങ്ങളുൾപ്പടെ ഇന്റർനെറ്റ് കടന്നുചെല്ലാൻ പ്രയാസമേറുന്ന സ്ഥലങ്ങളിൽ കെഫോൺ ഫൈബറുകൾ വിന്യസിക്കാൻ ഇതിനോടകം കഴിഞ്ഞതും മികച്ച സേവനം നൽകുന്നതുമാണ് കൂടുതൽ ഹോം കണക്ഷനുകൾ കുറഞ്ഞ സമയത്തിനകം കെഫോണിലേക്ക് വരാൻ കാരണം. 2024 മാർച്ചിലാണ് കൊമേഴ്സ്യൽ കണക്ഷൻ നൽകാൻ ആരംഭിച്ചത്. 3,558 ലോക്കൽ നെറ്റ് വർക്ക് ഓപ്പറേറ്റർമാരാണ് നിലവിൽ കെഫോൺ കണക്ഷൻ വീടുകളിലേക്ക് ലഭ്യമാക്കാനായി പ്രവർത്തിക്കുന്നത്.മികച്ച ഇന്റർനെറ്റ് വേഗതയും നല്ല സേവനവും നൽകുന്നതും സാധാരണക്കാർക്ക് പ്രാപ്യമാകുന്ന രീതിയിലെ താരിഫ് റേറ്റും കെഫോണിനെ ജനകീയവും പ്രിയപ്പെട്ടതുമാക്കി മാറ്റുകയാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ മാനേജിങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു  പറഞ്ഞു. വാണിജ്യ കണക്ഷനുകൾ വർധിപ്പിച്ച് വരുമാനം ഉയർത്തുകയും നല്ല സേവനം തുടർന്നും ലഭ്യമാക്കി കെഫോണിനെ കേരളത്തിലെ നമ്പർ വൺ ബ്രോഡ്ബാൻഡ് കണക്ഷനാക്കി മാറ്റുകയും ലക്ഷ്യമിട്ടാണ് കെഫോൺ ടീം പ്രവർത്തിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# എൻവിറോ ഇൻഫ്രാ എഞ്ചിനീയേഴ്സ് ഐപിഒ 22 മുതൽ

**കൊച്ചി:** എൻവിറോ ഇൻഫ്രാ എഞ്ചിനീയേഴ്സ്  ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 നവംബർ 22 മുതൽ 26 വരെ നടക്കും. 3,86,80,000 പുതിയ ഇകിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 52,68,000 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 140 രൂപ മുതൽ 148 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 101 ഇകിറ്റി ഓഹരികൾക്കും തുർന്ന് 101ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഹെം സെക്യൂരിറ്റീസാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# സബല മില്ലറ്റ്സ് ഭാരത് കാ സൂപ്പർ ഫുഡ് അവതരിപ്പിട്ട് റാമോജി ഗ്രൂപ്പ്

**ന്യൂഡൽഹി:** ശ്രീ റാമോജി റാവു ഗാരുവിന്റെ 88ാം ജന്മവാർഷിക ദിനത്തിൽ, റാമോജി ഗ്രൂപ്പ് സബല മില്ലറ്റ്സ്ഭാരത് കാ സൂപ്പർ ഫുഡ് അവതരിപ്പിച്ചു. പോഷകാഹാര സത്യസന്ധതയിൽ വിട്ടുവീഴ്ച്ച ചെയ്യാതെ, ആധുനികവും ആരോഗ്യബോധമുള്ളതുമായ ജീവിതശൈലികൾക്കായി പരികൽപ്പന ചെയ്ത, ചെറുധാന്യങ്ങളാൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്ന ഈ സംരംഭം ഉപഭോക്താക്കളുടെ ആരോഗ്യത്തോടുള്ള ഗ്രൂപ്പിന്റെ പ്രതിബദ്ധതയിൽ പരിവർത്തനാത്മകമായ ചുവടുവെപ്പ് നടത്തുന്നുവെന്ന് റാമോജി ഗ്രൂപ്പ് അധികൃതർ വ്യക്തമാക്കി.

# കെഎഫ്സി ഐക്കണിക് മെനു അവതരിപ്പിക്കുന്നു

**കൊച്ചി:** കെഎഫ്സി ഇന്ത്യയുടെ ഐതിഹാസിക ശ്രേണി ആഘോഷിക്കുന്ന 'ടേസ്റ്റ് ദ എപിക്' ക്യാമ്പയിൻ ആരംഭിച്ചു. മൂന്ന് വിഭാഗങ്ങളിലായി കെഎഫ്സിയുടെ ബെസ്റ്റ് സെല്ലിംഗ് മെനു ഇനങ്ങൾ കാമ്പെയ്നിൽ പ്രദർശിപ്പിക്കുന്നു: ചിക്കൻ ഓൺ ബോൺ, ബോൺലെസ് ചിക്കൻ, ബർഗേഴ്സ് എന്നിവയും മറ്റും. ഹോട്ട് & ക്രിസ്പി ചിക്കൻ, ഹോട്ട് വിംഗ്സ്, ചിക്കൻ പോപ്കോൺ, സിങ്ഗർ ബർഗറുകൾ തുടങ്ങിയ സിഗ്നേച്ചർ ഇനങ്ങളിൽ ഉപഭോക്താക്കൾക്ക് ഏർപ്പെടാം. കെഎഫ്സിയുടെ സമാനതകളില്ലാത്ത രുചിയും തോൽപ്പിക്കാനാകാത്ത പ്രതിസന്ധിയും ഉയർത്തിക്കാട്ടുകയാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്




# ന്യൂട്രികോൺ 2024 സമ്മേളനം സമാപിച്ചു

**കൊച്ചി:** 'ന്യൂറോ സ്പാർക്ക്: തലച്ചോറിന്റെ ആരോഗ്യത്തെയും പോഷകങ്ങളേയും ഉണർത്താം എന്ന വിഷയത്തിൽ  ആസ്റ്റർ മെഡ്സിറ്റിയിലെ ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗം സംഘടിപ്പിച്ച ന്യൂട്രികോൺ 2024 സമ്മേളനം സമാപിച്ചു. ന്യൂറോളജി ചികിത്സയിലെ ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങളും വികസനങ്ങളുമായിരുന്നു സമ്മേളനത്തിലെ പ്രധാന ആകർഷണം. ആധുനിക ചികിത്സാ സംവിധാനങ്ങളോടൊപ്പം ന്യൂട്രീഷണൽ തെറാപ്പിയും ഇഴചേർന്ന് പോകുന്നതെങ്ങനെയെന്ന് ചർച്ച ചെയ്ത സമ്മേളനം, നാഡീവ്യൂഹസംബന്ധമായ രോഗങ്ങളുടെ ചികിത്സയിലെ വേറിട്ട വഴികളും അന്വേഷിച്ചു. വിദഗ്ധ ഡോക്ടർമാരുൾപ്പെടെ നിരവധിപേർ പങ്കെടുത്ത ന്യൂട്രികോൺ ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ് ഉദ്ഘാടനം ചെയ്തു.ന്യൂറോ ന്യൂട്രീഷൻ എന്ന വിഷയത്തിലെ അറിവുകൾ വികസിപ്പിക്കുകയായിരുന്നു  ആസ്റ്റർ ന്യൂട്രികോണിന്റെ പ്രധാന ലക്ഷ്യം. അപസ്മാരരോഗമുള്ളവർക്കായി തയാറാക്കിയ പ്രത്യേക കീറ്റോ ഡയറ്റ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ തത്സമയ ശിൽപ്പശാലകൾ നടന്നു. ഭക്ഷണം ശരിയായി ഇറക്കാൻ ബുദ്ധിമുട്ടുകൾ (ഡിസ്ഫാജിയ) നേരിടുന്നവരെ സഹായിക്കുന്നതിനുള്ള പ്രായോഗികക്ളാസുകളും സംഘടിപ്പിച്ചു. നാഡികൾക്ക് ആവശ്യമായ പോഷകങ്ങൾ, തലച്ചോറിന്റെ പ്രവർത്തനത്തിൽ സൂക്ഷ്മപോഷകങ്ങളുടെ പ്രാധാന്യം, തീവ്രപരിചരണത്തിൽ കഴിയുന്ന കുട്ടികളുടെ പോഷകാവശ്യങ്ങൾ, മാനസിക പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിന് സഹായകരമായ പ്രത്യേക ഡയറ്റ് പ്ലാനുകൾ എന്നിങ്ങനെ നിരവധി സമകാലിക വിഷയങ്ങൾ ചർച്ചയായി. തലച്ചോറും ആമാശയവും തമ്മിലുള്ള ബന്ധം, മുതിർന്നവരുടെ അടിയന്തര മസ്തിഷ്ക/നാഡീവ്യൂഹ ചികിത്സ, പുനഃരധിവാസ ചികിത്സയിൽ ക്ലിനിക്കൽ ഡയറ്റിഷ്യന്റെ പ്രാധാന്യം എന്നിവയും പ്രധാന വിഷയങ്ങളായിരുന്നു.ആസ്റ്റർ മെഡ്സിറ്റിയിലെ ചീഫ് ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റ് സൂസൻ ഇട്ടി, സീനിയർ ക്ലിനിക്കൽ ഡയറ്റീഷന്മാരായ രഹന രാജൻ എം (സൂപ്പർവൈസർ), നിബി അൽഫോൻസ, ആൻസി വിജെ, ടിന ജോൺ, റിന്റ ജോയ് എന്നിവരടങ്ങുന്ന പ്രത്യേകസംഘമാണ് സമ്മേളനം വിജയകരമായി സംഘടിപ്പിച്ചത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com